# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുണ്ടൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: K.S.A.P.K.D(17)/945/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 12/04/2021
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുണ്ടൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുണ്ടൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുണ്ടൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: K.S.A.P.K.D(17)/945/2020 തീയ്യതി: 12/04/2021

## പാലക്കാട് ജില്ലയിലെ മുണ്ടൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ മുണ്ടൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-07-2020 മുതൽ 15-07-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 15-07-2020 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സതീശൻ.എൻ | ഡപ്യൂട്ടിഡയറക്ടർ | 01-04-2019 | 01-04-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-07-2020 | 15-07-2020 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ബിന്ദു.പി.ജി ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ കെ.ജി. റോബർട്ട്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി രമാദേവി.പി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി പി.കാർത്തിക ഓഡിറ്റർ
ശ്രീമതി ലിക്സി അലക്സ്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.കെ കുട്ടികൃഷ്ണൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി.നിഷാ അച്യുതൻ | സെക്രട്ടറി | 01-04-2019 | 04-08-2019 |
| ശ്രീമതി.സുശീലാമ്മ ടി.എസ്. | സെക്രട്ടറി | 05-08-2019 | 30-03-2020 |
| ശ്രീ.ചന്ദ്രൻ .വി (ഇൻചാർജ്ജ് ) | സെക്രട്ടറി | 31-03-2020 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.രേഷ്മ എൻ.ടി | കൃഷി ഓഫീസർ | 01-04-2019 | 08-05-2019 |
| ശ്രീമതി.മുഫീദ ടി.പി | കൃഷി ഓഫീസർ | 09-05-2019 | 27-11-2019 |
| ശ്രീമതി.ഇസ്രത്ത് പി.കെ | കൃഷി ഓഫീസർ | 28-11-2019 | 02-01-2020 |
| ശ്രീമതി.മേഘ്ന ബാബു | കൃഷി ഓഫീസർ | 03-01-2020 | 31-03-2020 |
| ശ്രീമതി. ഷിജി | അസി.എൻജിനിയർ | 01-04-2019 | 31-03-2020 |
| ശ്രീമതി.കല്ല്യാണിക്കുട്ടി എൻ.വി | പ്രധാനാദ്ധ്യാപിക | 01-04-2019 | 31-03-2020 |
| ശ്രീ.മണികണ്ഠൻ .എൻ | വി.ഇ.ഒ | 01-04-2019 | 17-11-2019 |
| ശ്രീമതി .രാജി മാത്യു | വി.ഇ.ഒ | 18-11-2019 | 31-03-2020 |
| ശ്രീമതി.സുജ കെ.കെ | ICDS സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.ചന്ദ്രൻ .വി | അസി.സെക്രട്ടറി | 01-04- | 31-03- |

| | | | |
|---|---|---|---|
| | | 2019 | 2020 |
| ശ്രീ.സൂരജ്.കെ രാജ് | മെഡി.പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ശ്രീ.നിയാസ് ബാബു | മെഡി.ഹോമിയോ | 01-04-2019 | 31-03-2020 |
| ശ്രീമതി.എ.ഗീത | മെഡി.ആയ്യൂർവേദം | 01-04-2019 | 31-03-2020 |
| ശ്രാമതി.ആര്യ എസ്.എസ് | വെറ്റനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ശ്രാമതി.ബിന്ദു | ഡയറി എക്ടെൻഷൻ ഓഫീസർ | 01-04-2019 | 15-08-2019 |
| ശ്രീ.അനൂപ് .പി.എ | ഡയറി എക്ടെൻഷൻ ഓഫീസർ | 16-08-2019 | 06-09-2019 |
| ശ്രാമതി.വിധു വർക്കി | ഡയറി എക്ടെൻഷൻ ഓഫീസർ | 07-09-2019 | 31-03-2020 |
| ശ്രീ.സന്തോഷ് | സബ് എൻസ്പെക്ടർ(ഫിഷറീസ് ) | 01-04-2019 | 31-03-2020 |

-

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 1-4 |
| 5 | പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം)<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 1-5 |
| 6 | ക്ഷേമ പദ്ധതികൾ<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 1-6 |
| 7 | ക്യാഷ് പരിശോധന<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 1-9 |
| 10 | വാർഷിക കണക്കുകകളിലെ അപാകതകൾ<br>Written By: P.G. Bindu (Audit Officer)<br>Last Updated By: () | 1-10 |
| 11 | വസ്തുനികുതി രേഖകൾ പരിശോധിക്കുമ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകതകൾ<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 1-11 |
| 12 | ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളിൽനിന്നു വാടകകുടിശ്ശിക ഈടാക്കേണ്ടതാണ്<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 1-12 |
| 13 | പഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കേണ്ടതാണ്.<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 1-13 |
| 14 | പഞ്ചായത്ത് പരിധിയിലെ റേഷൻകടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 1-14 |
| 15 | പഞ്ചായത്തിലെ പമ്പ് ഓപ്പറേറ്റർ, തൊഴിലുറപ്പ് പദ്ധതി | 1-15 |

| | | |
|---|---|---|
| | ജീവനക്കാർ എന്നിവരിൽ നിന്നും തൊഴിൽനികുതി ഊടാക്കിയിട്ടില്ല-തനതു ഫണ്ടിന് നഷ്ടം<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | |
| 16 | പഞ്ചായത്ത് പരിധിയിൽ റേഷൻ കടകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 1-16 |
| 17 | പദ്ധതി തുകകളുടെ വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 1-17 |
| 18 | EMD തനതുഫണ്ടിലേക്ക് കണ്ടുകെട്ടേണ്ടതാണ്.<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 1-18 |
| 19 | തെരുവ് വിളക്ക് സ്ഥാപിക്കൽ KSEB യുടെ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 1-19 |
| 20 | കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികൾ -സബ്സിഡി മാർഗ്ഗ രേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 1-20 |
| 21 | മത്സ്യ കൃഷിക്ക് ആവശ്യമായ സംരക്ഷണവല പദ്ധതി - ആസൂത്രണത്തിലും നടത്തിപ്പിലുമുള്ള അപാകതകൾ<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 1-21 |
| 22 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 1-22 |
| 23 | പ്രൊജക്റ്റുകൾ ഏറ്റെടുത്ത സാമ്പത്തിക വർഷം തന്നെ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 1-23 |
| 24 | മരാമത്തു പ്രവൃത്തികളുടെ ആസൂത്രണവും നിർവ്വഹണവും<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 1-24 |
| 25 | എ.ഇ. യുടെ ഓഫീസിലേക്ക് കംപ്യൂട്ടർ വാങ്ങൽ - കംപ്യൂട്ടർ നാളിതുവരെ ലഭ്യമായിട്ടില്ല<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 1-25 |
| 26 | ഓഡിറ്റ് ഇംപാക്റ്റ് - ഓഡിറ്റ് വേളയിൽ നിർദ്ദേശിച്ച തുക അടവാക്കിയത് അഭിനന്ദനാർഹം<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 1-26 |
| 27 | പഞ്ചായത്ത് ബസ് സ്റ്റാന്റ് നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 1-27 |

| | | |
|---|---|---|
| 28 | വാലിപ്പറമ്പിലെ സ്നേഹവീട് നാളിതു വരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 1-28 |
| 29 | പഞ്ചായത്ത് പൊതുശ്മശാനത്തിൽ ബോർവെൽ കുഴിച്ച് വെള്ളം ലഭ്യമാക്കൽ പ്രവൃത്തി അപാകതകൾ<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 1-29 |
| 30 | എം.സി.എഫ് സെന്ററർ , ഷ്രെഡ്ഡിംഗ് യൂണിറ്റ് എന്നിവ പ്രവർത്തനമാരംഭിച്ച് മാലിന്യസംസ്ക്കരണം കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 1-30 |
| 31 | എ.ഇ യുടെ ഓഫീസ് ഫർണിച്ചർ ചെയ്യൽ- സാക്ഷ്യപത്രമില്ല<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 1-31 |
| 32 | പ്രൊജക്റ്റ് രൂപീകരണം- അർഹരായവരെ മാത്രം ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 1-32 |
| 33 | പാലിയേറ്റീവ് കെയർ പദ്ധതി വിഹിതം-അപാകതകൾ<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 1-33 |
| 34 | ആയുർവേദആശുപത്രിക്ക് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ - സംബന്ധിച്ച്.<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 1-34 |
| 35 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് നൽകൽ പദ്ധതി - പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 1-35 |
| 36 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 1-36 |
| 37 | റീടെൻഡർ പ്രയോജനപ്പെടുത്തിയില്ല. പ്രോജക്റ്റ് നടത്തിപ്പിൽ അപാകത-ഓഡിറ്റ് വിശദീകരണം ആവശ്യപ്പെടുന്നു<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 1-37 |
| 38 | കുടുംബശ്രീ യൂണിറ്റുകളുടെ പ്രവർത്തനം മാതൃകാപരം<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 1-38 |
| 39 | തെരുവുവിളക്കുകളുടെ പരിപാലനം<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 1-39 |
| 40 | കുടിവെള്ള പദ്ധതി<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 1- 40 |
| 41 | എ.ഇ.നിർവ്വഹണോദ്യോഗസ്ഥയായ ഡെപ്പോസിറ്റ് പ്രവൃത്തികൾ - എഗ്രിമെന്റ് വെച്ചിട്ടില്ല | 1-41 |

| | | |
|---|---|---|
| | Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | |
| 42 | കുടിവെള്ളപദ്ധതികൾ ഗുണഭോക്തൃസമിതിക്ക് വിട്ടുനൽകിയത് വിവരം ലഭ്യമായില്ല<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 1-42 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 08-04-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 08-04-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: P.G. Bindu (Audit Officer)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-03-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | വാർഷിക ധനകാര്യപത്രിക സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക് പത്രികകൾ | |

## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

08-02-2019 -ാം തീയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് മുന്നിരിപ്പുൾപ്പെടെ 245118069/-രൂപയും ചെലവ് 237649691/- രൂപയും നീക്കിയിരിപ്പ് 7468378/-രൂപയുമാണ്. റിവൈസ്ഡ് ബജറ്റ് പാസാക്കിയത് 14.02.2020 നാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2019-20 | 31.7.2020 | 03.06.2020 | - | - |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 23231760- |
| ഓഡിറ്റ് വർഷത്തെ വരവ് | 95984470- |
| ആകെ | 119216230- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 89140832- |
| നീക്കിയിരിപ്പ് | 30075398- |
| വരവിനങ്ങളിലുള്ള നഷ്ടം | 9000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 13115371 | 13115371 | 11649231* | 1466140 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 12965176 | 12965176 | 8085817 ** | 4879359 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 8054000 | 8054000 | 3756482 | 4297518 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 4586000 | 4586000 | 2829773 | 1756227 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 12072976 | 12072976 | 10551545 | 1521431 |
| എം.ജി. എൻ. | തൊഴിലാളികളുടെ കൂലി | 0 | 19931416 | 19931416 | 19931416 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ആർ.ഇ ജി.എസ് | അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 23595 | 2116348 | 2139943 | 2136070 | 3873 |
| കേന്ദ്രാ വിഷ്കൃത ഫണ്ടു കൾ - | ICDS | 234312 | 1110565 | 1344877 | 718893 | 625984 |
| | ശുചിത്വ മിഷൻ ഫണ്ട് | 840167 | 720000 | 1560167 | 1033000 | 527167 |
| എം. എസ്.സി.ബി (ദുരിതാശ്വാസ നിധി) | | 105205 | 4092 | 109297 | 4000 | 105297 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചാ യത്ത് | 1029768 | 3529252 | 4559020 | 2884367 | 1674653 |
| | ജില്ലാ പഞ്ചാ യത്ത് | 93951 | 1831357 | 1925308 | 1393540 | 531768 |
| സാക്ഷരത (എസ്.ബി.ഐ) | | 433311 | 13882 | 447193 | 0 | 447193 |
| ബി ഫണ്ട് | | - | 71640 | 71640 | 71640 | - |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് -E.Payment | 2109076 | 27631014 | 29740090 | 23914654 | 5825436 |
| | മുണ്ടൂർ സർവീസ് കോ.ബാങ്ക് | 3823920 | 8009364 | 11833284 | 7318494 | 4514790 |
| | ട്രഷറി അക്കൗണ്ട് | 16160419 | 16973397 | 33133816 | 15576027 | 17557789 |

* AFS പ്രകാരം ₹. 14326860/- . വ്യത്യാസമുള്ള ₹. 2677629/- ൽ ₹. 1823529/-ലൈഫ് പദ്ധതി ലോൺ തിരിച്ചടവായി 3-ാം ഗഡുവിൽ നിന്നും നേരിട്ട് കുറവുചെയ്തതും ₹.854100/- അങ്കണവാടി ജീവനക്കാരുടെ ഹോണറേറിയം 2018-19 വർഷത്തെ കുടിശ്ശിക നേരിട്ട് കുറവുചെയ്തതുമായ തുകയാണ്.

** AFS പ്രകാരം ₹.8144641/-. വ്യത്യാസമുള്ള ₹. 58824/- ലൈഫ് പദ്ധതി ലോൺ തിരിച്ചടവായി 3-ാം ഗഡുവിൽ നിന്നും നേരിട്ട് കുറവുചെയ്ത തുകയാണ്.

## 1-5 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 225 | 140294656 | 149 | 71387005 | - | 76 | 66 |

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 66% എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 51% ചെലവഴിച്ചിട്ടുള്ളൂ.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 6 | 6372633 | 3699846 | 58 |
| വി.ഇ.ഒ | 17 | 14 | 68555021 | 31165600 | 45 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 4 | 5574505 | 4156443 | 75 |
| സെക്രട്ടറി | 24 | 16 | 7532112 | 5328006 | 71 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 130 | 78 | 38827283 | 20047602 | 52 |
| മെഡിക്കൽ ഓഫീസർ-PHC | 9 | 8 | 1665199 | 1048407 | 63 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 4 | 4 | 900000 | 831890 | 92 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 1 | 250000 | 99027 | 40 |
| വെറ്ററിനറി സർജ്ജൻ | 7 | 7 | 3022403 | 786066 | 26 |
| ഡയറി എക്സ്ടെൻഷൻ ഓഫീസർ | 2 | 0 | 1360000 | 0 | 0 |
| പ്രധാന അധ്യാപകൻ | 7 | 6 | 2658400 | 2467799 | 93 |
| അസി.സെക്രട്ടറി | 7 | 4 | 3477100 | 1752319 | 50 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 100000 | 4000 | 4 |
| ആകെ | 225 | 149 | 140294656 | 71387005 | 51 |

## 1-6 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 71640 | 78 |
| കർഷകതൊഴിലാളി പെൻഷൻ | 4609200 | 821 |
| വിധവാപെൻഷൻ | 8053800 | 1389 |
| വാർദ്ധക്യകാലപെൻഷൻ | 12108900 | 2160 |
| വികലാംഗപെൻഷൻ | 2140300 | 372 |
| 50 വയസ്സിനു മുകളിലുള്ള സ്ത്രീകൾക്കുള്ള അവിവാഹിത പെൻഷൻ | 430200 | 76 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 210000 | 7 |

## 1-7 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.07.2020 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 6342/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.06.2020 & 12.06.2020 | 03/2020 | ലഭ്യമായിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.05.2006 മുതൽ 07.06.2006 വരെ | 1997-98 മുതൽ 2005-06 വരെ | 15.07.2006 |

## 1-9 ആഭ്യന്തര നിയന്ത്രണം

- പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. രേഖകളും രജിസ്റ്ററുകളും എഴുതി സൂക്ഷിക്കുന്നതിൽ കുറച്ചുകൂടി കൃത്യത പാലിക്കേണ്ടതാണ്.
- ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഓരോ ഇനം ഡെപ്പോസിറ്റുകളും വേർ തിരിച്ച് എഴുതി കണക്കു സൂക്ഷിക്കാതെ ഒരുമിച്ച് തുടർച്ചയായാണ് എഴുതിയിട്ടുള്ളത്. ഇതുമൂലം ഓരോ ഇനത്തിന്റെയും സംക്ഷിപ്തത്തിലെ കണക്കുകളുടെ കൃത്യത ഉറപ്പു വരുത്തുന്നതിന് വൈഷമ്യമുണ്ട്.
- സാധനസാമഗ്രികളുടെ സ്റ്റോക്ക് രജിസ്റ്റർ അവയുടെ മൂല്യം ഉൾപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
- തെരുവു വിളക്കുകളുടെ ആസ്തി രജിസ്റ്റർ കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തി കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
- പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകൾ 2019-20ൽ ഒരു പ്രാവശ്യം മാത്രമേ കൂടിയിട്ടുള്ളൂ. പുതിയ പദ്ധതി നിർദ്ദേശങ്ങളല്ലാതെ വർക്കിംഗ് ഗ്രൂപ്പുകൾ പ്രൊജക്റ്റുകളുടെ മോണിറ്ററിംഗ് നടത്തിയിട്ടുള്ളതായി രേഖകൾ പ്രകാരം ഇല്ല.
- പദ്ധതി ആസൂത്രണം, രൂപീകരണം, നിർവ്വഹണം എന്നിവയുമായി ബന്ധപ്പെട്ട ആസൂത്രണ സമിതി 2019-20 ൽ ഒരു പ്രാവശ്യം മാത്രമേ കൂടിയിട്ടുള്ളൂ. പുതിയ പദ്ധതി നിർദ്ദേശങ്ങളല്ലാതെ മറ്റ് ചർച്ചകളൊന്നും നടത്തിയതായി രേഖകളില്ല.

## 1-10 വാർഷിക കണക്കുകകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-11 വസ്തുനികുതി രേഖകൾ പരിശോധിക്കുമ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

### വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

2019-2020 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം താഴെ കൊടുത്തിരിക്കും വിധം വസ്തുനികുതി കുടിശ്ശികയാണുള്ളത്:

| കെട്ടിടത്തിന്റെ തരം | തൻവർഷ കുടിശ്ശിക | മുൻ വർഷങ്ങളിലെ കുടിശ്ശിക |
|---|---|---|
| റെസിഡെൻഷ്യൽ | 153988 രൂപ | 16499 രൂപ |
| നോൺ റെസിഡെൻഷ്യൽ | 251839 രൂപ | 192101 രൂപ |
| ആകെ | 614427 രൂപ | |

മേൽ കൊടുത്തിരിക്കുന്ന കുടിശ്ശിക ഈടാക്കാൻ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 12, തിയതി - 14/07/2020) മറുപടിയായി , ആർ.ആർ. നോട്ടീസ് നല്കൽ, ആർ.ആർ.ഓൺലൈൻ നടപടികൾ എന്നിവ ഉടനടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

കുടിശ്ശിക പിരിച്ചെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. <u>മൊബൈൽ ടവറുകളുടെ വസ്തുനികുതി സംബന്ധിച്ച്</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളിൽ 2 എണ്ണത്തിനാണ് വസ്തുനികുതി കുടിശ്ശികയുള്ളത്. ഇതിൽ റിലയൻസ് ഇൻഫോകോമിന്റെ 2019-2020ലെ നികുതി ഈടാക്കുന്നതിനായി ആർ.ആർ. നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ആയതിന്റെ അറിയിപ്പ് സ്ഥാപനത്തിന് രേഖാമൂലം നല്കിയതിന്റെ മറുപടിയായി, കോവിഡ് -19 ന്റെ ഭാഗമായി കാര്യാലയങ്ങൾ പ്രവർത്തിക്കാത്തതുമൂലമാണ് നികുതി പേയ്മെന്റിനുള്ള ചെക്കുകൾ അംഗീകരിച്ച് ലഭിക്കാത്തത് എന്നും ആയത് ലഭ്യമായാലുടൻ നികുതി അടവാക്കാമെന്നും സ്ഥാപനം അറിയിച്ചിട്ടുള്ളതായി പഞ്ചായത്തധികൃതർ ഓഡിറ്റിനെ ബോധിപ്പിച്ചിട്ടുണ്ട്. ബി.എസ്.എൻ.എലിന്റെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിനായി ആർ.ആർ. സ്വീകരിച്ചിട്ടുണ്ട് എന്നും തുടർനടപടികൾ കൈക്കൊള്ളുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>3. ഒക്യുപെൻസി തെറ്റായി രേഖപ്പെടുത്തിയതിനാൽ 5645 രൂപ നികുതി നഷ്ടം</u>

മുണ്ടൂർ ഗ്രാമപഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങൾക്ക് വസ്തുനികുതി വിജ്ഞാപന നിരക്കുപ്രകാരം പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 6 രൂപ എന്ന നിരക്കിലും , ഇതരവ്യവസായികാവശ്യത്തിനുള്ളവയ്ക്ക് 60 രൂപ എന്ന നിരക്കിലും ആണ് വസ്തുനികുതി ഈടാക്കുന്നത്. എന്നാൽ, ശ്രീ. വി. എച്ച്. മൊയ്തീൻകുട്ടി, പന്തലിങ്ങൽ ഹൗസ്, വേലിക്കാട് (2/542) , എന്ന വ്യക്തിയുടെ 89 ച. മീ. വിസ്തീർണ്ണമുള്ള പന്തലിങ്ങൽ ഹോളോബ്രിക്സ് എന്ന സ്ഥാപനത്തിന്റെ വസ്തുനികുതി ഇതര വ്യവസായികാവശ്യത്തിനുള്ളവയ്ക്കുള്ള 60 രൂപ എന്ന നിരക്കിലല്ല ഈടാക്കിയിരിക്കുന്നത് എന്ന് സഞ്ചയപ്രകാരമുള്ള ഫോം 6 പരിശോധനയിൽ വ്യക്തമായി. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം എന്ന ഗണത്തിൽപ്പെടുത്തിയാണ് ഈ കെട്ടിടത്തെ കണക്കാക്കി ഫോം 6 ൽ രേഖപ്പെടുത്തിയിരിക്കുന്നത് .

<u>പഞ്ചായത്ത് ലഭ്യമാക്കിയ ഫോം 6 പ്രകാരമുള്ള വിശദാംശങ്ങൾ</u>

വിസ്തീർണ്ണം = 89 .ച .മീ.

അടിസ്ഥാന വസ്തുനികുതി = 343 രൂപ

ഈടാക്കിയ വസ്തുനികുതി = 389 രൂപ [343+L.C 18+28+ (സേവന ഉപനികുതി)]

അടിസ്ഥാന നികുതി 6 രൂപ നിരക്കിൽ കണക്കാക്കിയാൽ 6x89=534 രൂപ ആണ്. എന്നാൽ ഇവിടെ കണക്കാക്കിയിരിക്കുന്നത് 343 രൂപയാണ്.

<u>യഥാർത്ഥത്തിൽ ഈടാക്കേണ്ട വസ്തുനികുതി</u> (ഇതരവ്യവസായികാവശ്യത്തിനുള്ളവ)

89 *60 = 5340 +267 (L.C.)+427(സേവന ഉപനികുതി) =6034രൂപ

ആയതിനാൽ ,തൻവർഷത്തെ വസ്തുനികുതിയായ 5645 രൂപയും (6034-389), മുൻവർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെയുള്ള തുകയും ഈടാക്കുകയും , ഫോം 6 ലെ വിവരങ്ങൾ ക്രമീകരിക്കുകയും ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതത് ഒക്യുപെൻസികൾക്കനുസൃതമായി വസ്തുനികുതി കണക്കാക്കി ആയത് ഈടാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്.

<u>1-12 ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളിൽനിന്ന് വാടകകുടിശ്ശിക ഈടാക്കേണ്ടതാണ്</u>

പഞ്ചായത്ത് വക ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സിലെ താഴെക്കൊടുത്തിരിക്കുന്ന കടമുറികളിൽനിന്നും 250343 രൂപ വാടക കുടിശ്ശിക ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്നതായി വാടക രജിസ്റ്റർ പരിശോധനയിൽ നിന്നും വ്യക്തമായി . വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു.

| ഷോപ്പ് നം. | പേര് | ഡിമാന്റ് | കളക്ഷൻ | കുടിശ്ശിക |
|---|---|---|---|---|
| 7/668 | ആസാദ് | 71500 | 43675 | 27825 |
| 7/682 | സജിമോൻ | 78650 | 50050 | 28600 |
| 7/683 | ഷിജു.ടി.ആർ | 85250 | 52701 | 32549 |
| 7/671 | ഷിജു.ടി.ആർ | 82500 | 52500 | 30000 |
| 7/674 | കോപ്പറേറ്റീവ് ബാങ്ക് | 283250 | 151881 | 131369 |
| | ആകെ | 601150 | 350807 | 250343 |

കുടിശ്ശിക ഈടാക്കുന്നതിനായുള്ള നടപടികൾ 11/3/2020ലെ പഞ്ചായത്തിലെ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്ത് തീരുമാനം (തീരുമാനം നം.2) കൈക്കൊണ്ടിട്ടുണ്ട്. ഈ തീരുമാനം നടപ്പിലാക്കിയതിന്റേയും കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ പഞ്ചായത്ത് കൈവരിച്ച പുരോഗതിയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണ (നം.10 , തിയതി-13/07/2020) ത്തിന് മറുപടിയായി , കടമുറികളിൽ നിന്ന് ഈടാക്കാനുള്ള കുടിശ്ശിക തുക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ കോവിഡ് -19 പ്രതിരോധപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട 25/03/2020 തിയതിയിലെ സ.ഉ.(സാധാ)നം.710/2020 ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരവും പഞ്ചായത്ത് ഭരണസമിതിയുടെ 24/04/2020 തിയതിയിലെ 4(1) നം. തീരുമാനപ്രകാരവും റവന്യൂ റിക്കവറി നടപടികൾ താത്ക്കാലികമായി നിർത്തിവച്ചിരിക്കുകയാണ് എന്ന് പഞ്ചായത്തധികൃതർ അറിയിച്ചിട്ടുണ്ട്. വാടക കുടിശ്ശിക പലിശയടക്കം ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 പഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കേണ്ടതാണ്.

ലൈസൻസ് രജിസ്റ്ററും തൊഴിൽനികുതി ഡിമാൻറ് രജിസ്റ്ററും ഉൾപ്പെടുത്തി വിവിധ വ്യാപാര വ്യവസായ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതിന്റെ കൃത്യതാ പരിശോധനയിൽ താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു.

| ക്രമ നം. | സ്ഥാപനത്തിന്റ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ശ്രീകൃഷ്ണാ ഇൻഡസ്ട്രീസ് | 4 |
| 2 | ശ്രീനാരായണ അവിൽ മിൽ | 3 |
| 3 | സെൻട്രൽ റൈസ് മിൽ | 4 |
| 4 | പന്തലിങ്ങൽ ഹോളോബ്രിക്സ് | 4 |

| | | |
|---|---|---|
| 5 | ഇ.പി.പ്ലൈ | 3 |
| 6 | അക്ബർ സോ മിൽ | 9 |
| 7 | ഓർത്തോഹെർബ്സ് എക്സ്ട്രാക്റ്റസ് ആൻഡ് ഡെറിവേറ്റീവ്സ് | 5 |
| 8 | ജെ.കെ.എച്ച്. ഫ്രൂട്ട്സ് | 8 |
| 9 | പെർഫെക്റ്റ് പോളിമേഴ്സ് | 5 |
| 10 | പെർഫെക്റ്റ് ഇൻഡസ്ട്രീസ് | 4 |
| 11 | മലബാർ ടിംബേഴ്സ് | 4 |
| 12 | കൈരളി വുഡ് ഇൻഡസ്ട്രീസ് | 4 |
| 13 | വെൽടെക് ഇൻഡസ്ട്രീസ് | 6 |
| 14 | ലക്ഷ്മി ഇൻഡസ്ട്രീസ് | 7 |
| 15 | ടവർ സിമെന്റ് പ്രൊഡക്റ്റ്സ് | 6 |
| 16 | ചോല കാർവാഷ് | 4 |
| 17 | തേജസ് ബേക്കറി | 5 |
| 18 | എം.ഐ.എഫ്.എഫ് | 12 |
| 19 | ശ്രീ വിനായക സിമെന്റ് വർക്ക്സ് | 5 |
| 20 | മിസ്റ്റർ ബട്ലേഴ്സ് കാറ്ററിംഗ് | 4 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാൻറ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .(ഓഡിറ്റ് അന്വേഷണം –9 ,തിയതി -17/07/2020)

2.) പഞ്ചായത്ത് പരിധിയിലെ ക്ഷീരോദ്പാദകസഹകരണസംഘങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിലെ ക്ഷീരോദ്പാദകസഹകരണസംഘങ്ങളുടെ ലൈസൻസ് എടുത്തത് , തൊഴിൽനികുതി ഈടാക്കിയത് എന്നീ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഓഡിറ്റ് അന്വേഷണം നം.9 തിയതി – 13/07/2020 നല്കിയതിന് മറുപടിയായി, പഞ്ചായത്ത് പരിധിയിൽ 4 ക്ഷീരോദ്പാദകസഹകരണസംഘങ്ങളാണ് ഉള്ളതെന്നും (ചുങ്കം, വേലിക്കാട്,മോഴിക്കുന്നം,പൂതന്നൂർ) അവയിൽ ചുങ്കം, വേലിക്കാട് ക്ഷീരോദ്പാദകസഹകരണസംഘങ്ങൾ ഒന്നും, രണ്ടും അർദ്ധവർഷതൊഴിൽനികുതി അടവാക്കിയിട്ടുള്ളതാണെന്നും, മോഴിക്കുന്നം, പൂതന്നൂർ എന്നീ ക്ഷീരോദ്പാദകസഹകരണസംഘങ്ങളുടെ തൊഴിൽനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അധികൃതർ അറിയിച്ചിട്ടുണ്ട്. തൊഴിൽനികുതി ഈടാക്കുന്നതിനോടൊപ്പം മേൽ പ്രസ്താവിച്ച ക്ഷീരോദ്പാദകസഹകരണസംഘങ്ങൾ ലൈസൻസ് എടുത്തിട്ടാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

1-14 പഞ്ചായത്ത് പരിധിയിലെ റേഷൻകടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്

പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), (2) വകുപ്പുകൾ പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. അപ്രകാരം, മുണ്ടൂർ പഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിട്ടിരിക്കുന്നവരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ കൃത്യതയും രേഖകളുടെ സൂക്ഷിപ്പും പരിശോധിക്കുവാൻ ഓഡിറ്റ് ലക്ഷ്യമിടുകയും ആയതനുസരിച്ച് ഡിമാൻറ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിക്കുകയും ചെയ്തു.

പഞ്ചായത്ത് പരിധിയിൽ 7 റേഷൻകടകളുണ്ട് . അവയിലെ ജീവനക്കാരിൽനിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/തിയതി – 10/07/2020) മറുപടിയായി, റേഷൻകട ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന മറുപടി പഞ്ചായത്തധികൃതർ ലഭ്യമാക്കിയിട്ടുണ്ട്. ആയത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-15 പഞ്ചായത്തിലെ പമ്പ് ഓപ്പറേറ്റർ, തൊഴിലുറപ്പ് പദ്ധതി ജീവനക്കാർ എന്നിവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല-തനതു ഫണ്ടിന് നഷ്ടം**

പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), (2) വകുപ്പുകൾ പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. അപ്രകാരം, മുണ്ടൂർ പഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിട്ടിരിക്കുന്നവരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ കൃത്യതയും രേഖകളുടെ സൂക്ഷിപ്പും പരിശോധിക്കുവാൻ ഓഡിറ്റ് ലക്ഷ്യമിടുകയും ആയതനുസരിച്ച് ഡിമാൻറ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിക്കുകയും ചെയ്തു. ഇതു പ്രകാരം പഞ്ചായത്തിലെ താഴെ പറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല എന്നു ബോധ്യപ്പെട്ടു.

1. പമ്പ് ഓപ്പറേറ്ററിൽനിന്നും തൊഴിൽ നികുതിയായ 600/- രൂപ ഈടാക്കിയിട്ടില്ല.
2. എം. ജി. എൻ. ആർ. ജി. എസ് ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ആകെ 8400/- രൂപ ഈടാക്കിയിട്ടില്ല.

(ഓഡിറ്റ് അന്വേഷണം നം.4/തിയതി – 10/07/2020)

1. പമ്പ് ഓപ്പറേറ്ററിൽനിന്നും തൊഴിൽ നികുതിയായ 600 രൂപ ഈടാക്കേണ്ടതാണ്.

ചുങ്കം DWSS ലെ പമ്പ് ഓപ്പറേറ്റർ ആയ ശ്രീ. രാധാകൃഷ്ണൻ എന്ന വ്യക്തിയ്ക്ക് ഒന്നാം അർദ്ധവർഷത്തിൽ 36600 രൂപയും,രണ്ടാം അർദ്ധവർഷത്തിൽ 36400 രൂപയും വേതനമായി നല്കിയിട്ടുള്ളതായി പഞ്ചായത്തിലെ ബിൽ രജിസ്റ്റർ, പ്രതിമാസ വൗച്ചറുകൾ എന്നിവ പരിശോധിച്ച ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ടി വ്യക്തിയിൽനിന്ന് ഈടാക്കേണ്ട രണ്ടു അർദ്ധവർഷങ്ങളിലും ഈടാക്കേണ്ട തൊഴിൽ നികുതി ( 300+300 = 600 രൂപ) ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല എന്ന് തൊഴിൽനികുതി ഡിമാൻറ് രജിസ്റ്റർ, റിട്ടേൺ എന്നിവയുടെ പരിശോധനയിൽ ബോധ്യപ്പെട്ടു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് , പമ്പ് ഓപ്പറേറ്ററിൽനിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കുന്നതാണ് എന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്. പമ്പ് ഓപ്പറേറ്ററിൽനിന്നും തൊഴിൽ നികുതിയായ 600 രൂപ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2.) എം. ജി. എൻ. ആർ. ജി. എസ് ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്.

എം. ജി. എൻ. ആർ. ജി. എസിനു കീഴിൽ 2019-2020 സാമ്പത്തികവർഷത്തിൽ താഴെപ്പറയും പ്രകാരമുള്ള ജീവനക്കാരാണുള്ളത്. അവർക്ക് താഴെ പറയും വിധം വേതനം നല്കിയിട്ടുള്ളതായി പഞ്ചായത്തിലെ ബിൽ രജിസ്റ്റർ, പ്രതിമാസ വൗച്ചറുകൾ,ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടി എന്നിവ പരിശോധിച്ചു ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ടി ജീവനക്കാരിൽനിന്നും രണ്ടു അർദ്ധവർഷങ്ങളിലും

ഈടാക്കേണ്ട തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല എന്ന് തൊഴിൽനികുതി ഡിമാൻറ് രജിസ്റ്റർ, റിട്ടേൺ എന്നിവയുടെ പരിശോധനയിൽ ബോധ്യപ്പെട്ടു.

| പേര് | ഉദ്യോഗപ്പേര് | 1ാം അർദ്ധ വർഷ വരുമാനം | ഈടാക്കേണ്ട നികുതി | 2ാം അർദ്ധ വർഷ വരുമാനം | ഈടാക്കേണ്ട നികുതി |
|---|---|---|---|---|---|
| നീന കൃഷ്ണൻ | അക്രഡിറ്റഡ് എഞ്ചിനീയർ | 153500 | 1250 | 53500 | 450 |
| ഷൈജു.ഇ.എസ് | ഓവർസിയർ | 122590 | 1000 | 63885 | 600 |
| സുനീഷ്.കെ | അക്കൌണ്ടന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 113590 | 1000 | 79180 | 750 |
| ആതിര.പി.ആർ | അക്കൌണ്ടന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 113590 | 1000 | 118770 | 1000 |
| നമിത.കെ | അക്ക്രഡിറ്റഡ് എഞ്ചിനീയർ | - | - | 89166 | 750 |
| വിപിൻദാസ്.എം.ഡി | ഓവർസിയർ | - | - | 33660 | 300 |
| പ്രതാപ്.കെ | അക്കൌണ്ടന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ | - | - | 31289 | 300 |
| ആകെ | | | 4250 | | 4150 |

എം. ജി. എൻ. ആർ. ജി. എസ് ജീവനക്കാരുടെ ആകെ തൊഴിൽനികുതിയായ 8400 രൂപ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.4/തിയതി – 10/07/2020)

മേൽപ്രകാരം തൊഴിൽനികുതിയിനത്തിൽ പഞ്ചായത്ത് ഫണ്ടിനു നഷ്ടം വന്ന ആകെ 9000/- രൂപ(600+8400) രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

1-16 പഞ്ചായത്ത് പരിധിയിൽ റേഷൻ കടകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകൾക്ക് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. പഞ്ചായത്ത് പരിധിയിലെ റേഷൻ കടകളുടെ ലൈസൻസ് എടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9 ,തിയതി - 13/07/2020 ) മറുപടിയായി, 7 റേഷൻകടകളാണ് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നത് എന്ന് മറുപടി നല്കിയിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| വാർഡ് നം. | വാർഡിന്റെ പേര് | ലൈസൻസിയുടെ പേര് |
|---|---|---|
| 1 | കാഞ്ഞിക്കുളം | ശ്രീഹരി |
| 3 | വേലിക്കാട് | വി.ശിവദാസൻ |
| 6 | മോഴികുന്നം | കുഞ്ഞിക്കൃഷ്ണൻ |
| 7 | ചുങ്കം | ഡി.സി.സുനിത |
| 10 | കുട്ടുപാത | ടി.വി.കുഞ്ഞിലക്ഷമി |
| 12 | പൂതന്നൂർ | ടി.സി.രാജഗോപാലൻ |
| 17 | ഏഴക്കാട് | രമാദേവി |

എന്നാൽ മേൽ സൂചിപ്പിച്ച 7 റേഷൻ കടകൾക്കും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. ടി റേഷൻകടകൾക്ക് ലൈസൻസ് എടുക്കുന്നതിനു നിർദ്ദേശിച്ചുകൊണ്ട് കത്ത് നല്കിയിട്ടുള്ളതായി അധികൃതർ മറുപടിയായി അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>1-17 പദ്ധതി തുകകളുടെ വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല</u>

I. പ്രൊജക്റ്റ് - എ.ബി.സി പ്രോഗ്രാം - ജില്ലാപഞ്ചായത്തിന് വിഹിതം കൈമാറൽ(26/2020)

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ - 350000 – (പ്ലാൻ ജനറൽ)

ചെലവ് - 350000

ട്രഷറി ബിൽ നം - 9/6.12.2019

എ.ബി.സി (തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണം) പദ്ധതിക്കായി സാമ്പത്തിക വർഷം 350000/- രൂപ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ആയതിന്റെ വിനിയോഗ വിവരം ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

II.പദ്ധതി - ചെമ്പക്കര സ്ട്രീറ്റ് ലൈറ്റ് മീററർ സ്ഥാപിക്കൽ(224/2020)

നിർവ്വഹണം - സെക്രട്ടറി

പദ്ധതി പ്രകാരം 12614/- രൂപ തനത് ഫണ്ട് വൗച്ചർ നം.21900535/27.9.19 പ്രകാരം AE, KSEB കോങ്ങാടിന് നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണം, തുകയുടെ വിനിയോഗ രേഖകൾ എന്നിവ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം നം.12/14.7.2020 നൽകിയിട്ടുണ്ട്.

<u>1-18 EMD തനതുഫണ്ടിലേക്ക് കണ്ടുകെട്ടേണ്ടതാണ്.</u>

പദ്ധതി: പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ( 69/2019)

അടങ്കൽ - 400000/-(തനത് ഫണ്ട്) രൂപ.

2018-19 ലെ മേൽ പദ്ധതി പ്രകാരമുള്ള ടെണ്ടറിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത നിഡ്സൺ ഇൻഫേവെ, പെരിന്തൽമണ്ണ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ഭരണസമിതി തീരുമാനം 6(1), തീയതി 31.1.19 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ആയതു പ്രകാരം കരാറിൽ ഏർപ്പെട്ട് ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഉപകരണങ്ങൾ സപ്ലൈ ചെയ്യുന്നതിനുവേണ്ടി നമ്പർ എ3/2/2018-19/27.2.2019 സപ്ലൈ ഓർഡർ നല്കിയിരുന്നു. എന്നാൽ സ്ഥാപനം കരാറിൽ ഏർപ്പെട്ട് ഉപകരണങ്ങൾ സപ്ലൈ ചെയ്യാത്തതിനാൽ ഭരണസമിതി തീരുമാനം നം.1(5)/10.4.2019 പ്രകാരം ടെണ്ടർ ക്യാൻസിൽ ചെയ്തിട്ടുണ്ട്. ആയതിനാൽ രശീതി നം.1105507/24.1.19 പ്രകാരം സ്ഥാപനം അടവാക്കിയ തുക 4000/- രൂപ സ്ഥാപനത്തിന് തിരികെ നൽകാതെ തനതുഫണ്ടിലേക്ക് കണ്ടുകെട്ടേണ്ടതാണ്.

2019-20 സാമ്പത്തിക വർഷം ടീ പദ്ധതി സ്പിൽഓവറായി (പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ- 172/2020) കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും CPRCS പോർട്ടിലൂടെ വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. ഓഡിറ്റ് അന്വേഷണം നം.12/14.7.2020.

<u>1-19 തെരുവ് വിളക്ക് സ്ഥാപിക്കൽ KSEB യുടെ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല</u>

പദ്ധതി - ഉൾപ്രദേശങ്ങളിൽ പ്രകാശം കൂടിയ തെരുവ് വിളക്ക് സ്ഥാപിക്കൽ(173/20)സ്പിൽ ഓവർ പ്രോജക്റ്റ്

നിർവ്വഹണം - സെക്രട്ടറി
അടങ്കൽ - 400000/- ധനകാര്യ കമ്മിഷൻ അവാർഡ്.

ചെലവ് - 400000/- (ട്രഷറി ബിൽ നം.17/12.11.2019)

2018-19 ലെ സ്പിൽഓവർ പദ്ധതിയാണിത് . 2.2.2019 തീയതിയിലെ ടെണ്ടർ പ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഉഷ ഇലക്ട്രോണിക് സിസ്റ്റം, കുറ്റനാട് എന്ന സ്ഥാപനത്തിനാണ് പ്രവൃത്തി നൽകിയിയിട്ടുള്ളത് .

പദ്ധതി പ്രകാരം 30 W LED സ്ട്രീറ്റ് ലൈറ്റുകൾ 256എണ്ണം സ്ഥാപിച്ചതിനാണ് തുക നൽകിയിരിക്കുന്നത്. ആയതിൽ സൂപ്പർവിഷൻ ചാർജജിനത്തിൽ 6344/- രൂപ KSEB യ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ LED സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചതിന് KSEB യുടെ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന് (നം 18/15.7.2020) KSEB യുടെ സാക്ഷ്യ പത്രം ലഭ്യമാക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. LED സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചതിന് പോസ്റ്റ് നമ്പർ സഹിതം സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

<u>1-20 കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികൾ -സബ്സിഡി മാർഗ്ഗ രേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.</u>

എ) കൃഷി ഓഫീസർ നടപ്പിലാക്കിയ വിവിധ പ്രൊജക്ടുകളുടെ ഭാഗമായി ഗുണഭോക്തൃവിഹിതം പ്രൊജക്ടിൽ ഉൾപ്പെടുത്തുകയും , ടി ആർ -5 രശീത് മുഖേന നേരിട്ട് ഗുണഭോക്തൃവിഹിതം പിരിച്ചെടുത്ത് തുക ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നേരിട്ട് അടവാക്കുകയുമാണ് ചെയ്തിട്ടുള്ളത്. ടി ആർ -5 രശീത് മുഖേന ഗുണഭോക്തൃവിഹിതം പിരിച്ചെടുത്ത പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു .

| ക്രമ നം. | പ്രൊജക്ട് | വികസന ഫണ്ട് ചെലവ് | ഗുണഭോക്തൃ വിഹിതം | ആകെ ചെലവ് | സപ്ലൈ നടത്തിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | പാടശേഖരം മുഖേന | 145665 | 145665 | 291330 | നാഷണൽ |

| | | | | | |
|---|---|---|---|---|---|
| | നെല്ല് വിത്ത് വിതരണം (നം :53/20) | | | | സീഡ്സ് കോർപ്പറേഷൻ |
| 2 | തെങ്ങ് കൃഷിക്ക് ജൈവവളം വിതരണം(നം.89/20) | 124800 | 124800 | 249600 | സംയുക്ത ജൈവ കാർഷിക ഉത്പാദന വിപണന സമിതി |

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ പദ്ധതികൾ തയ്യാറാക്കൽ- സബ്സിഡി-ധനസഹായം-അനുബന്ധവിഷയങ്ങൾ സംബന്ധിച്ച് പ്രസിദ്ധീകരിച്ച സർക്കാർ ഉത്തരവ് (കൈ) 22/2018/ ത.സ്വ.ഭ.വ തീയതി 14-2-2018 മാർഗരേഖയിലെ ഖണ്ഡിക 2.6 ലെ വ്യവസ്ഥ അനുസരിച്ച് " ഉത്പാദനോപാധികളും യന്ത്രസാമഗ്രികളും അടക്കമുള്ള എല്ലാ മേഖലയിലേയും വസ്തുക്കൾ, ആസ്തികൾ മുതലായവ നിർവഹണ ഉദ്യോഗസ്ഥൻ വാങ്ങി നൽകുന്ന സംഗതികളിൽ ഗുണഭോക്തൃ വിഹിതം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ അടക്കേണ്ടതാണ് എന്ന് " രേഖപ്പെടുത്തിയിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ അടവാക്കാത്തതിനാൽ പഞ്ചായത്തിന്റെ ചെലവ് പത്രികകളിൽ പദ്ധതികളുടെ യഥാർത്ഥ ചെലവ് അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ഇത് മൂലം വരുംവർഷങ്ങളിൽ ഗ്രാമ പഞ്ചായത്തിനു ലഭിക്കേണ്ട വാർഷിക പദ്ധതി അടങ്കലിൽ കുറവ് വരുന്നതിന് കാരണമാവും. ഈ വിഷയത്തിൽ തുടർനടപടികൾക്കായി ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ബി)അപേക്ഷകളിൽ ഗുണഭോക്താക്കൾ കൃഷി ചെയ്തിട്ടുണ്ട് എന്ന് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല

കൃഷി ഓഫീസർ നടപ്പാക്കിയ നെല്ല് കൃഷിക്ക് കൂലി ചെലവ് സബ്സിഡി, പാടശേഖരം മുഖേന നെല്ല് വിത്ത് വിതരണം എന്നീ പദ്ധതികളുടെ അപേക്ഷകൾ പരിശോധിച്ചതിൽ പദ്ധതികളുടെ ഗുണഭോക്താക്കളായിട്ടുള്ള അപേക്ഷകർ കൃഷി ചെയ്തിട്ടുണ്ട് എന്ന് സാക്ഷ്യപ്പെടുത്തുകയോ സർട്ടിഫിക്കറ്റ് സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. സബ്സിഡി മാർഗ്ഗ രേഖ ജി.ഒ.(എം.എസ്) 22/2018 , ത.സ്വ.ഭ.വ 14-02-2018 പ്രകാരം പാട്ട കൃഷി ചെയ്യുന്നതിന് സ്ഥലയുടമ നൽകിയിട്ടുള്ള സാക്ഷ്യപത്രം, കൃഷി ചെയ്തിട്ടുണ്ടെന്നതിനുള്ള കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. സബ്സിഡി മാർഗ്ഗ രേഖാ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ട് ആനുകൂല്യങ്ങൾ അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. അപേക്ഷകളിൽ ഗുണഭോക്താക്കൾ കൃഷി ചെയ്തത് സംബന്ധിച്ച വിവരം എഴുതി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 14/15-07-2020)

## 1-21 മത്സ്യ കൃഷിക്ക് ആവശ്യമായ സംരക്ഷണവല പദ്ധതി - ആസൂത്രണത്തിലും നടത്തിപ്പിലുമുള്ള അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്
പ്രോജക്ട് നം. – 126/20

അടങ്കൽ -
100000/- ചെലവ്
-4000/-

ട്രഷറി ബിൽ നം. - 1/19-20, തി.23-03-2020, തുക - 1900/-

എ) പദ്ധതി നടപ്പാക്കുന്നതിനായി 100000/- രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും ആകെ 4000/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. അടങ്കൽ തുകയുടെ 4% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ടി പദ്ധതിയുടെ പ്രയോജനം ആവശ്യമായി വരുന്ന ഗുണഭോക്താക്കളെ കണ്ടെത്തി, ആയതിന് അനുസൃതമായി അടങ്കൽ തുക വകയിരുത്താത്തത് പദ്ധതി ആസൂത്രണത്തിലെ വീഴ്ചയായാണ് ഓഡിറ്റ് വിലയിരുത്തുന്നത്. പദ്ധതി ആസൂത്രണത്തിലുള്ള ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ബി)ആവശ്യമായ രേഖകൾ ഹാജരാക്കാതെ തന്നെ സബ്സിഡി ആനുകൂല്യം അനുവദിച്ചു

സബ്സിഡി മാർഗ്ഗ രേഖ ജി.ഒ.(എം.എസ്) 22/2018 , ത.സ്വ.ഭ.വ 14-02-2018 പ്രകാരം മത്സ്യ കൃഷിക്ക് ആവശ്യമായ സംരക്ഷണ വല വാങ്ങി നൽകൽ പദ്ധതി നടപ്പാക്കുമ്പോൾ വിലയുടെ 40% ( പരമാവധി 4000/- രൂപ വരെ) സബ്സിഡി തുക അനുവദിക്കാവുന്നതാണ്. 2019-20 സാമ്പത്തിക വർഷത്തിൽ 5 ഗുണഭോക്താക്കൾക്കാണ് ഈ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയിട്ടുള്ളത്. ഗുണഭോക്താക്കളിൽ നിന്നുള്ള അപേക്ഷകളും 2 ഗുണഭോക്താക്കളുടെ റേഷൻകാർഡിന്റെ കോപ്പിയും മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. മാർഗ്ഗ രേഖയിൽ നിർദ്ദേശിക്കുന്ന പ്രകാരം ഗുണഭോക്താക്കൾക്ക് അക്വാകൾച്ചർ ലൈസൻസ് /രജിസ്ട്രേഷൻ വേണം , ഗുണഭോക്താവിന് ഇതേ ആനുകൂല്യം മുമ്പ് ഗ്രാമ /ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല എന്നും തെളിയിക്കുന്ന രേഖകൾ ഹാജരാക്കാതെയാണ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുള്ളത്. വ്യക്തിഗത ആനുകൂല്യങ്ങൾ അനുവദിക്കുമ്പോൾ സബ്സിഡി മാർഗ്ഗ രേഖയിൽ നിർദ്ദേശിക്കുന്ന പ്രകാരം ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

സി)നിർവ്വഹണ ഉദ്യോഗസ്ഥൻ TR 7A ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല

2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് T.R.7A ക്യാഷ്ബുക്ക് സൂക്ഷിച്ചിട്ടില്ല. ജി.ഒ.(പി) നമ്പർ 119/ 2015 ധനം തീയതി 21.03.15 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ T. R.7A ക്യാഷ്ബുക്കിൽ ഡിപ്പാർട്ട്മെന്റ്ഫണ്ടിന്റെയും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തണം എന്നും തദ്ദേശ സ്വയംഭരണ ഫണ്ട് വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്നതിന് സബ്സിഡിയറി രജിസ്റ്റർ സൂക്ഷിക്കണം എന്നും നിഷ്കർഷിക്കുന്നുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ വരവ് ചെലവ് വിവരം T. R.7A ക്യാഷ്ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 5/10-07-2020)

## 1-22 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ
പ്രോജക്ട് നം. – 32/20

അടങ്കൽ - 575000/-
ചെലവ് -143750/-

ട്രഷറി ബിൽ നം. - 3/19-20, തി.20-01-2020, തുക – 143750/-

പദ്ധതി നടപ്പാക്കുന്നതിനായി വെറ്ററിനറി സർജൻ 143750/- രൂപ 20-01-2020 തിയതിയിൽ അസി. ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, പാലക്കാട് ന്റെ STSB അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് , ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 6/10-07-2020)

**1-23 പ്രൊജക്റ്റുകൾ ഏറ്റെടുത്ത സാമ്പത്തിക വർഷം തന്നെ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.**

2019-2020 സാമ്പത്തിക വർഷം 2 പ്രൊജക്റ്റുകളാണ് ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി ഏറ്റെടുത്ത് നടപ്പിലാക്കാൻ രൂപീകരിച്ച് അംഗീകാരം വാങ്ങിയിട്ടുള്ളത്.

1). ക്ഷീരസംഘങ്ങൾ മുഖേന പാലിന് സബ്സിഡി നല്കൽ ( അടങ്കൽ - 1260000 രൂപ) ,
2). ക്ഷീരസംഘങ്ങൾ വഴി പാലിന് സബ്സിഡി നല്കൽ – എസ്.സി. (അടങ്കൽ - 100000 രൂപ ).

മേൽ പ്രൊജക്ടുകൾക്കായി ആകെ 1360000 രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും 2019-2020 സാമ്പത്തിക വർഷത്തിൽ തുക ചെലവഴിച്ചിട്ടില്ല.
മേൽ പ്രൊജക്റ്റുകൾ 2019-2020 സാമ്പത്തികവർഷത്തിൽ നടപ്പിലാക്കാത്തത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3/തിയതി – 10/07/2020) മറുപടിയായി , ഫെബ്രുവരി മാസത്തിൽത്തന്നെ മുഴുവൻ തുകയ്ക്കുള്ള റിക്വസ്റ്റ് സമർപ്പിച്ചതായും ട്രഷറി നിയന്ത്രണങ്ങൾ ഉള്ളതിനാലാണ് ബില്ലുകൾ പാസാകാതിരുന്നത് എന്നുമാണ് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്.

പദ്ധതികൾക്കായുള്ള ഗുണഭോക്തൃലിസ്റ്റ് സമയബന്ധിതമായി രൂപീകരിച്ച് ഏറ്റെടുത്ത പ്രൊജക്റ്റുകൾ അതാതു സാമ്പത്തിക വർഷം തന്നെ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മോണിറ്ററിംഗ് സമിതി, സ്റ്റാൻഡിംഗ് കമ്മിറ്റികൾ എന്നിവ മോണിറ്ററിംഗ് നടത്തി പദ്ധതി നിർവ്വഹണ കലണ്ടറിനനുസൃതമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**1-24 മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണവും നിർവ്വഹണവും**

1. പൊതുവിവരങ്ങൾ

2019-20 വർഷം 32 സ്പിൽ ഓവർ പ്രവൃത്തികളുൾപ്പെടെ 130 പ്രവൃത്തികൾക്ക് അംഗീകാരം വാങ്ങിയതിൽ ആകെ 72 എണ്ണമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ബാക്കിയുള്ളവയിൽ 54 എണ്ണം 2020-21 ൽ സ്പിൽഓവർ ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. 6 പ്രവൃത്തികൾ ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. ആകെ വകയിരുത്തിയ ₹.38827283/- ൽ ₹.20047602/- (51.63%) മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ₹. 2623779/- യുടെ ബില്ലുകൾ ക്യൂവിൽ പെട്ടുമൂലം തൻവർഷം ചെലവഴിച്ചിട്ടില്ല. 2019-20 ലെ മലമ്പള്ള പൂതന്നൂർ റോഡ് പദ്ധതി (248/20) ടെണ്ടർ, റീടെണ്ടർ, ക്വട്ടേഷൻ എന്നീ നടപടികൾ സ്വീകരിച്ചെങ്കിലും ആരും തന്നെ പങ്കെടുക്കാത്തതിനാൽ ഉപേക്ഷിച്ചിട്ടുണ്ട്. 2019-20 വർഷം സ്പിൽ ഓവറായ(2018-19 ലെ) ഗ്യാസ് ക്രിമറ്റോറിയം(പ്രൊ .നം. 183/20) എന്ന പ്രവൃത്തിക്ക് തൻവർഷം തുക ചെലവഴിച്ചിട്ടില്ല.

2. പൊതു അപാകതകൾ

- പ്രവൃത്തികളോടൊപ്പം വെച്ചിട്ടുള്ള കരാറുകാരുമായുള്ള എഗ്രിമെന്റിൽ 2/2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കാലോചിതമായി പരിഷ്കരിച്ചിട്ടില്ല.
- ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ അംഗീകരിച്ച തീരുമാനം രേഖപ്പെടുത്തുന്നില്ല.
- എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തുന്നില്ല.
- കാഷ്ബുക്ക് - ദിവസേനയുള്ള എൻട്രി വരുത്തേണ്ടതും സാമ്പത്തിക വർഷാവസാനം ക്ലോസുചെയ്ത് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

- പ്രവൃത്തികളുടെ ഫയലിൽ മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഇല്ല.
- പ്രവൃത്തികളിൽ എക്സ്ട്രാ ഐറ്റംസ് ഉൾപ്പെടുത്തുമ്പോൾ കരാറുകാരുമായി സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുന്നില്ല.
- പദ്ധതി നിർവ്വഹണത്തിനും റോഡ് പ്രവൃത്തികൾ രൂപീകരിക്കുന്നതിനുമായി റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല. കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുന്നത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിന് ഇടയാക്കുന്നു.
- പദ്ധതി മാർഗ്ഗനിർദ്ദേശപ്രകാരം പ്രവൃത്തികളുടെ നിർവ്വഹണ സ്ഥലത്ത് ബോർഡ് സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റിൽ തുക വകയിരുത്തേണ്ടതാണ്.
- ആസ്തി രജിസ്റ്റർ 2018-19 വർഷം വരെ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.
- ആസ്തി സംരക്ഷണ പദ്ധതി /വാർഷിക മെയിന്റനൻസ് പ്ലാൻ ഓരോ വർഷവും തയ്യാറാക്കി ഇതിന്റെ അടിസ്ഥാനത്തിൽ റോഡ് റോഡിതര ആസ്തികളുടെ അറ്റകുറ്റപ്പണികൾക്ക് മുൻഗണന നൽകി പ്രൊജക്റ്റ് തയ്യാറാക്കി നിർവ്വഹിക്കേണ്ടതാണ്.
- മരാമത്ത് വർക്കിംഗ് ഗ്രൂപ്പ് ഓഡിറ്റ് വർഷത്തിൽ ഒരു പ്രാവശ്യം മാത്രമേ ചേർന്നിട്ടുള്ളൂ. വിവിധ പദ്ധതി നിർദ്ദേശങ്ങളല്ലാതെ ഫലപ്രദങ്ങളായ നിർദ്ദേശങ്ങൾ നൽകിയതായോ മോണിറ്ററിംഗ് നടത്തിയതായോ മിനിറ്റ്സ് പ്രകാരം ഇല്ല.

ഓഡിറ്റ് നിർദ്ദേശം

രേഖകളും രജിസ്റ്ററുകളും ക്രമപ്രകാരം സൂക്ഷിക്കേണ്ടതാണ്. ആസ്തിരജിസ്റ്റർ കാലികമാക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ്, പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യേണ്ടതും വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. പ്രവൃത്തികൾ പ്രൊജക്റ്റ് നിർവ്വഹണകലണ്ടർ പ്രകാരം പൂർത്തീകരിക്കേണ്ടതും പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ സാമ്പത്തികവർത്തിന്റെ അവസാനഘട്ടത്തിലേക്ക് വെച്ച് തൻ വർഷം ലഭ്യമാകുന്ന പദ്ധതി വിഹിതം ലാപ്സാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.
മേൽസൂചിപ്പിച്ച അപാകതകൾ പരിഹരിക്കുന്നതാണെന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (20/15.07.2020) മറുപടിയായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

## 1-25 എ.ഇ. യുടെ ഓഫീസിലേക്ക് കംപ്യൂട്ടർ വാങ്ങൽ - കംപ്യൂട്ടർ നാളിതുവരെ ലഭ്യമായിട്ടില്ല

പ്രൊജക്റ്റ്- എ.ഇ. യുടെ ഓഫീസിലേക്ക് കംപ്യൂട്ടർ വാങ്ങൽ(134/20)
അടങ്കൽ- 100000 (തനതുഫണ്ട്)

ചെലവ്- ₹. 77900/-

ചെക്ക്നം. 2118339/20.3.20- ₹.45025/-

ചെക്ക്നം. 2118338/20.3.20- ₹.32875/-

എ.ഇ യുടെ ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന പ്രൊജക്റ്റ് പ്രകാരം എ.ഇ ഓഫീസിലേക്ക് 2 കമ്പ്യൂട്ടർ സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് സിസ്റ്റം -ഓൺലൈൻ പോർട്ടൽ വഴി വാങ്ങുവാനാണ് തുക വകയിരുത്തിയിട്ടുള്ളത്. ഇതിനായി മേൽപ്രകാരം ആകെ 77900/- രൂപ കെൽട്രോണിനു മുൻകൂറായി നൽകിയിട്ടുണ്ട്(എ.ഇ തുക കൈമാറിയത് 18.4.2020 നാണ്). എന്നാൽ സപ്ലൈ ഓർഡർ, ഏതെല്ലാമിനങ്ങളാണ് വാങ്ങുന്നത് എന്നും എത്ര എണ്ണമാണ് വാങ്ങുന്നത് എന്നുമുള്ള വിവരങ്ങൾ, വാങ്ങിയ സാധന സാമഗ്രികളുടെ ബിൽ എന്നിവ ഫയലില്ല . കൂടാതെ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ നാളിതുവരെ ലഭ്യമായിട്ടില്ല. ഈ

സാഹചര്യത്തിൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/15.07.2020) മറുപടിയായി കൊറോണയോടനുബന്ധിച്ചുണ്ടായ ലോക്ക്ഡൗൺ കാരണം Products അയക്കാൻ കാലതാമസം ഉണ്ടാവും എന്നാണ് കെൽട്രോണുമായി ഫോണിൽ ബന്ധപ്പെട്ടപ്പോൾ മറുപടി ലഭിച്ചത് എന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുള്ളത്. മറുപടിയോടൊപ്പം ഹാജരാക്കിയ കെൽട്രോണിൽ നിന്നും ലഭ്യമായ " Proforma Invoice" പ്രകാരം താഴെ പറയുന്ന ഇനങ്ങളാണ് വാങ്ങുന്നത് എന്നും അവ ഓർഡർ ചെയ്ത് 45 ദിവസത്തിനകം സപ്ലൈ ചെയ്യുന്നതാണ് എന്നും കാണുന്നു.

| വാങ്ങുന്ന ഇനം | എണ്ണം | വില ₹. |
|---|---|---|
| Desk Top Intel Processor-High End - Windows 10 Home | 1 | 45025 |
| Desk Top Intel Processor- Medium End -Windows 10 Home | 1 | 32875 |

ഉപകരണങ്ങൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 ഓഡിറ്റ് ഇംപാക്റ്റ് - ഓഡിറ്റ് വേളയിൽ നിർദ്ദേശിച്ച തുക അടവാക്കിയത് അഭിനന്ദനാർഹം

2019-20 വർഷത്തെ ഓഡിറ്റ് വേളയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായിട്ടുള്ള പ്രൊജക്റ്റുകൾ പരിശോധിച്ചപ്പോൾ ടെണ്ടർ അംഗീകരിച്ചതിനു ശേഷം കരാറുകാരൻ എഗ്രിമെന്റ് വെയ്ക്കാൻ വൈകിയതിന് നിയമാനുസൃത പിഴ , ടാറിംഗ് പ്രവൃത്തികളിൽ നിന്നും കാലി ടാർ ബാരലുകളുടെ വില , ബിൽ തുക നൽകുമ്പോൾ കരാറുകാരൻ ക്വോട്ടു ചെയ്ത എസ്റ്റിമേറ്റിനേക്കാൾ കുറഞ്ഞ ടെണ്ടർ നിരക്കിനു പകരം മുഴുവൻ തുകയും നൽകിയതുമൂലം അധികച്ചെലവ് എന്നീ ഇനങ്ങളിൽ തുക ഈടാക്കാത്തതിനാൽ പഞ്ചായത്തു ഫണ്ടിനു നഷ്ടമുണ്ടായിട്ടുള്ളതായി കണ്ടെത്തിയിരുന്നു. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/15.07.2020) മറുപടി നൽകുന്നതോടൊപ്പം നിർവ്വഹണോദ്യോഗസ്ഥ ഈടാക്കുന്നതിന് ഓഡിറ്റ് എൻക്വയറിയിൽ നിർദ്ദേശിച്ചിരുന്ന മുഴവൻ തുകയും കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയ രശീതികളും ഹാജരാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി/കരാറുകാരൻ/ ബിൽനം. /തുക | തുക അടവാ ക്കിയ ഇനം | അടവാക്കിയ തുക ₹. | രശീതി നം./ തീയതി |
|---|---|---|---|---|
| 1. | തെക്കേക്കര കുടിവെള്ള പദ്ധതി (99/19)/ നൂറുൽ ഹമീദ്/ 1/30.4.19- 285712/- 34/26.8.19 - 114186/- | എഗ്രിമെന്റ് വെയ്ക്കാൻ വൈകിയതിന് പിഴ | 4000 | 120190101213/ 17.7.2020 |
| 2. | കുനിയംപറമ്പ് കുടിവെള്ള പദ്ധതി (24/18)/ നൂറുൽ ഹമീദ്/ 2/ 30.4.19- 12012/- | - ടി - | 1000 | 120190101212/ 17.7.2020 |
| 3. | മലമ്പള്ള IHDP കോളനി റോഡ് മെയിന്റനൻസ് (106/19)/രജീഷ്/ | - ടി - | 3000 | 120190101211/ 17.7.2020 |

| | | | | |
|---|---|---|---|---|
| | 31/2.7.19-300000 | | | |
| 4. | കോട്ടൂർ റോഡ് മെയിന്റനൻസ്(60/19)/ സൗദാകരൻ/ 28/1.7.19-400000 | - ടി - | 4000 | 120190101210/ 17.7.2020 |
| 5. | വടക്കേക്കര നരകശ്ശേരി റോഡ് മെയിന്റനൻസ്(74/19)/ മുരളീകൃഷ്ണൻ 24/28.6.19 -47342 | - ടി - | 1000 | 120190101209/ 17.7.2020 |
| 6. | കുനിയം പറമ്പ് റോഡ് മെയിന്റനൻസ് (56/19)/അബു താഹിർ/ 9/30.6.19- 104615 83/18-19 -95385 | കാലി ടാർ ബാരൽ വില | 3652 | 120190101218/ 17.7.2020 |
| 7. | മൂത്തേടം റോഡ് മെയിന്റനൻസ് (102/19) /രാജേഷ്/ 18/26.6.19-20000, 87/15.2.19- 280000 | കാലി ടാർബാരൽ വില | 4776 | 120190101217/ 17.7.2020 |
| 8. | പഞ്ചായത്ത് പൊതു ശ്മശാനത്തിൽ ബോർവെൽ കുഴിച്ച് വെള്ളം ലഭ്യമാക്കൽ (206/18) /രാജേഷ്/ 3/13.6.19- 217557/- | കരാറുകാരൻ ക്വോട്ട് ചെയ്ത എസ്റ്റിമേറ്റിനേക്കാൾ 7.2% കുറഞ്ഞ ടെണ്ടർ നിരക്ക് കുറക്കാതെ മുഴുവൻ തുകയും നൽകിയത് തിരിച്ചു പിടിച്ചത് | 22609 | 120190101216/ 17.7.2020 |
| ആകെ തുക | | | 44,037 | |

ഓഡിറ്റ് വേളയിൽ ചൂണ്ടിക്കാണിച്ച അപാകത പരിഹരിക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥ കാണിച്ച ശുഷ്കാന്തി പ്രത്യേക അഭിനന്ദനമർഹിക്കുന്നു.

## 1-27 പഞ്ചായത്ത് ബസ് സ്റ്റാൻറ് നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല

ഓഡിറ്റ് വർഷം നിർദ്ദിഷ്ട പഞ്ചായത്ത് ബസ് സ്റ്റാൻറിൽ വിവിധ പ്രവൃത്തികൾക്കായി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി തനതു ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് നം. | പ്രൊജക്റ്റ് | ചെലവ് |
|---|---|---|
| 199/20 (സ്പിൽ ഓവർ) | മുണ്ടൂർ ബസ്സ്റ്റാൻഡിൽ ബസ് ഷെൽട്ടറും വെയ്റ്റിംഗ് ഷെഡും നിർമ്മാണവും | 1385977 |
| 202/20 (സ്പിൽ ഓവർ) | മുണ്ടൂർ ബസ്സ്റ്റാൻഡ് കംഫർട്ട് സ്റ്റേഷൻ പൂർത്തീകരണം | 288342 |
| 230/20 | മുണ്ടൂർ ബസ്സ്റ്റാൻഡ് ഇലക്ട്രിഫിക്കേഷൻ | 286092 |
| തൻ വർഷം ആകെ ചെലവ് | | 19,60,411 |

വർഷങ്ങൾക്ക് മുമ്പ് ബ്ലോക്ക് പഞ്ചായത്തും മുണ്ടൂർ ഗ്രാമപഞ്ചായത്തും വിവിധ ഫണ്ടുകൾ ഉപയോഗിച്ച് പ്രവൃത്തികളാരംഭിച്ച ബസ് സ്റ്റാൻറ് കം ഷോപ്പിങ് കോംപ്ലക്സിലെ വിവിധ പ്രവൃത്തികൾ പൂർത്തീകരിച്ചെങ്കിലും ബസ് സ്റ്റാൻറ് നാളിതു വരെയും പ്രവർത്തനമാരംഭിച്ചിട്ടില്ല. പഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരങ്ങളനുസരിച്ച് 2010-11 മുതൽ 2018-19 വരെ ബസ് സ്റ്റാൻറ് കം ഷോപ്പിങ് കോംപ്ലക്സിലെ വിവിധ പ്രവൃത്തികൾക്കായി ഗ്രാമ പഞ്ചായത്തിൽ നിന്നും മാത്രം താഴെ പറയും വിധം തുക ചെലവഴിച്ചിട്ടുണ്ട്.

| വർഷം | പ്രവൃത്തി | ചെലവഴിച്ച തുക |
|---|---|---|
| 2010-11 | കുടുംബശ്രീ വിപണനകേന്ദ്രം | 1695074 |
| 2013-14 | ബസ് സ്റ്റാൻറ് ഷോപ്പിങ് കോംപ്ലക്സ് നിർമ്മാണം & പ്ലേ ഗ്രൗണ്ട് | 1495351 |
| 2014-15 | ബസ് സ്റ്റാൻറ് സൈഡ് പ്രൊട്ടക്ഷൻ | 500000 |
| | ടോയ്ലറ്റ് കൺസ്ട്രക്ഷൻ | 400000 |
| | കുടുംബശ്രീ വിപണനകേന്ദ്രം ഇലക്ട്രിഫിക്കേഷൻ | 353038 |
| 2016-17 | മുണ്ടൂർ ബസ്സ്റ്റാൻഡ് കുടിവെള്ള പദ്ധതി | 862072 |
| | മുണ്ടൂർ ബസ്സ്റ്റാൻഡ് ഇലക്ട്രിഫിക്കേഷൻ | 488990 |
| | മുണ്ടൂർ ബസ്സ്റ്റാൻഡ് പൂർത്തീകരണം | 813748 |
| 2018-19 | മുണ്ടൂർ ബസ്സ്റ്റാൻഡ് കംഫർട്ട് സ്റ്റേഷൻ(ടോയ്ലറ്റ്&യൂറിനൽ) നിർമ്മാണം | 917392 |

ബസ്സ്റ്റാൻഡിനായി പഞ്ചായത്ത് നാളിതുവരെ ചെലവഴിച്ചിട്ടുള്ള തുക, നിലവിലെ സ്ഥിതി, ബസ്സ്റ്റാൻഡ് പ്രവർത്തനം ആരംഭിക്കാൻ സ്വീകരിച്ച നടപടികൾ എന്നിവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/15.07.2020) ബസ് സ്റ്റാൻഡ് കം ഷോപ്പിങ് കോംപ്ലക്സിലെ വിവിധ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകളുടെ വിവരം മാത്രമാണ് മറുപടിയായി ലഭ്യമായത്.



14.07.2020 ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം നിർദ്ദിഷ്ട ബസ് സ്റ്റാൻറ് സന്ദർശിക്കുകയുണ്ടായി. ഷോപ്പിംഗ് കോപ്ലക്സുകളിലെ പല മുറികളും തുറന്നു പ്രവർത്തിക്കുന്നുണ്ടെങ്കിലും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ള ബസ് സ്റ്റാൻറ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്ത് പൊതുഗതാഗതത്തിനായി നാളിതുവരെ തുറന്നു കൊടുത്തിട്ടില്ല എന്നു ബോധ്യപ്പെട്ടു.

തുടർ നടപടികൾ സ്വീകരിച്ച് ബസ്സ്റ്റാൻഡ് പ്രവർത്തനം എത്രയും പെട്ടെന്ന് ആരംഭിക്കേണ്ടതാണ്.

## 1-28 വാലിപ്പറമ്പിലെ സ്നേഹവീട് നാളിതു വരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല

ഓഡിറ്റ് വർഷം വാലിപ്പറമ്പ് സ്നേഹവീട് ഇലക്ട്രിഫിക്കേഷൻ എന്ന പ്രവൃത്തിക്ക് തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ്- (211/20) | അടങ്കൽ- 104000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ്- ₹. 95476/- | ബിൽനം. 80/31.01.20- ₹.95476/- |

അളവുപുസ്തകം-18/2019-20

മേൽ പ്രൊജക്റ്റിന്റെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം സ്ഥലം പരിശോധിച്ചതിൽ കെട്ടിടത്തിന്റെ സിവിൽ വർക്കുകൾ പൂർത്തീകരിച്ച് ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിക്ക് തയ്യാറായിട്ടുള്ള അവസ്ഥയിലായതിനാൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. വർക്ക് ഫയൽ, അളവുപുസ്തകം എന്നിവ പ്രകാരം ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി 10.12.19 ന് പൂർത്തീകരിച്ചിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം പാലക്കാട് ജില്ലാ പഞ്ചായത്ത് 2017-18 വർഷത്തിൽ 2000000/-രൂപ വകയിരുത്തി നിർമ്മിച്ചിട്ടുള്ളതാണ് വാലിപ്പറമ്പിലെ സ്നേഹവീട്. കൂടാതെ ജില്ലാ പഞ്ചായത്തിന്റെ 2018-19 ലെ സ്നേഹവീടുകൾക്ക് ഫർണീച്ചർ, ഉപകരണങ്ങൾ, പാത്രങ്ങൾ വാങ്ങൽ (നം.198/19) എന്ന പ്രൊജക്റ്റ് പ്രകാരം ഏകദേശം 1.198 ലക്ഷം രൂപയുടെ വിവിധ ഫർണിച്ചറുകൾ സ്നേഹവീടിനായി നൽകിയിട്ടുണ്ട്.

14.07.2020 ന് ഓഡിറ്റ് ടീം, അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ വാലിപ്പറമ്പിലെ സ്നേഹവീട് സന്ദർശിക്കുകയുണ്ടായി. താക്കോലിന്റെ അഭാവത്തിൽ കെട്ടിടം തുറന്നു പരിശോധിക്കാൻ സാധിച്ചില്ല. കെട്ടിടം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും പകൽവീട് പ്രവർത്തനം ആരംഭിച്ചിട്ടില്ല. കെട്ടിടത്തിന് നെയിം ബോർഡ് സ്ഥാപിച്ചിട്ടില്ല. സ്നേഹവീട് നിർമിച്ചിട്ടുള്ളത് വളരെ ഉൾപ്രദേശത്തായതിനാൽ വൃദ്ധരായവർക്ക് എത്തിപ്പെടാൻ ബുദ്ധിമുട്ടേറിയതാണെന്നും അതുകൊണ്ടുതന്നെ ഈ സ്ഥലത്ത് ഇത്തരത്തിലൊരു സ്ഥാപനം പ്രവർത്തിക്കുവാൻ പ്രായോഗികമായി ബുദ്ധിമുട്ടുണ്ടാകാമെന്നും കാണുന്നു. പുതിയ കെട്ടിടമായിട്ടും ഇതിന്റെ രണ്ടു ജനാലകളുടെ ചില്ലുകൾ തകർന്നു കാണുന്നു. സ്നേഹവീടിന്റെ സമീപത്തു തന്നെ ഇതിനോട് ചേർന്ന് പാലക്കാട് ബ്ലോക്കു പഞ്ചായത്ത് പകൽവീട് നിർമ്മിച്ചിട്ടുള്ളതായി സ്ഥല പരിശോധനയിൽ കണ്ടെത്തി. ഇതും പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഇതുകൂടാതെ പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ പാലക്കാട് ജില്ലാ പഞ്ചായത്ത് തന്നെ 2019-20 കാലയളവിൽ മറ്റൊരു സ്നേഹവീടു നിർമ്മിച്ചിട്ടുണ്ട്. ഇതും പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഇതിനൊക്കെ പുറമേ പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ "തണൽ " എന്ന പേരിൽ വർഷങ്ങൾക്കു മുൻപേ നിർമ്മിച്ചിട്ടുള്ള വൃദ്ധരുടെ വിശ്രമകേന്ദ്രമുണ്ട്.

വാലിപ്പറമ്പ് സ്നേഹവീട് , ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച പകൽവീട്



പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിലെ സ്നേഹവീട്



വാലിപ്പറമ്പ് സ്നേഹവീടിനായി പഞ്ചായത്ത് നാളിതുവരെ ചെലവഴിച്ചിട്ടുള്ള തുക, നിലവിലെ സ്ഥിതി, പ്രവർത്തനം ആരംഭിക്കാൻ സ്വീകരിച്ച നടപടികൾ എന്നിവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/15.07.2020) ചെലവഴിച്ച തുകയുടെ വിവരം മാത്രമാണ് മറുപടിയായി ലഭ്യമായത്.

ഓഡിറ്റ് നിരീക്ഷണം

വയോജനങ്ങളുടെ ക്ഷേമം ലക്ഷ്യമിട്ടുകൊണ്ടുള്ള മേൽപ്പറഞ്ഞ നിർമ്മാണങ്ങളിൽ ഓരേ ആവശ്യത്തിനായി ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾ നിർമ്മിച്ചിരിക്കുന്നത് " പകൽവീട് ആരംഭിക്കുന്നതിനുവേണ്ടി പണികഴിപ്പിച്ചിട്ടുള്ള കെട്ടിടം പ്രവർത്തനക്ഷമമാക്കിയിട്ട്, ആവശ്യമെങ്കിൽ മാത്രമേ പകൽവീടിനു വേണ്ടി പുതിയ കെട്ടിടനിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ " എന്ന 13 -ാം പദ്ധതി മാർഗ്ഗരേഖ ,13.5 , ക്രമനം. 7 ലെ വ്യവസ്ഥകളുടെ ലംഘനമാണ്. കൂടാതെ പദ്ധതി ആസൂത്രണം നടത്തുമ്പോൾ ത്രിതല പഞ്ചായത്തുകൾ പാലിക്കേണ്ട നടപടിക്രമങ്ങളിലെ വീഴ്ചയും ഒന്നിൽകൂടുതൽ പ്രാവശ്യം സ്ഥലം വിട്ടുനൽകുമ്പോൾ അതിന്റെ ആവശ്യകത ഉറപ്പുവരുത്തുന്നതിൽ പഞ്ചായത്തിന് വീഴ്ച വന്നിട്ടുള്ളതായും കാണുന്നു.

ഓഡിറ്റ് നിർദ്ദേശം

- ലക്ഷ്യമിട്ട ആവശ്യത്തിനായി കെട്ടിടം പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- പകൽ വീടിന്റെ നടത്തിപ്പ് എപ്രകാരമായിരിക്കണം എന്ന് നിശ്ചയിച്ചുകൊണ്ട് പഞ്ചായത്തിന് അധിക ബാധ്യതയില്ലാത്ത വിധത്തിൽ പ്രാദേശവാസികളുടെ കൂടി സഹകരണം ഉറപ്പാക്കുന്ന രീതിയിൽ ഒരു നിയമാവലി രൂപീകരിക്കാവുന്നതാണ്.

## 1-29 പഞ്ചായത്ത് പൊതുശ്മശാനത്തിൽ ബോർവെൽ കുഴിച്ച് വെള്ളം ലഭ്യമാക്കൽ പ്രവൃത്തി അപാകതകൾ

പ്രൊജക്റ്റ് നം. - 206/18 അടങ്കൽ - 450000 (ധനകാര്യകമ്മീഷൻ

അവാർഡ്)

ബിൽനം. 25/20.7.18- 96450, 3/13.6.19- 217557/- അളവുപുസ്തകം- 257/17-18, 220/18-19

കരാറുകാരൻ- രാജേഷ്.പി.

മുണ്ടൂർ ഗ്രാമ പഞ്ചായത്തിലെ വഴക്കപ്പാറയിൽ പാലക്കാട് ബ്ലോക്ക് പഞ്ചായത്തും മുണ്ടൂർ ഗ്രാമ പഞ്ചായത്തും സംയുക്തമായി നിർമ്മിച്ചിട്ടുള്ളതും കോസ്റ്റ്ഫോർഡ് മുഖേന നിർമ്മാണപ്രവൃത്തി നടത്തിയിട്ടുള്ളതുമായ പൊതുശ്മശാനത്തിൽ (വാതകശ്മശാനം) ബോർവെൽ കുഴിച്ച് വെള്ളം ലഭ്യമാക്കൽ പ്രവൃത്തിയ്ക്ക് വേണ്ടിയാണ് പ്രൊജക്റ്റിൽ തുക വകയിരുത്തിയത്. 3 കുഴൽ കിണർ കുഴിച്ചിട്ടും ജലലഭ്യത ഇല്ലാത്തിടത്ത് 4-ാമതായി Open Well കുഴിച്ചിട്ടും വെള്ളം ലഭ്യമാകാതെ പരാജയപ്പെട്ട പ്രൊജക്റ്റാണിത്. പ്രൊജക്റ്റ് നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 3 കുഴൽ കിണർ കുഴിച്ചിട്ടും ജലലഭ്യത ഇല്ലാത്തിടത്ത് 4-ാമതായി Open Well കുഴിച്ചിട്ടും വെള്ളം ലഭ്യമായില്ല. സമീപത്തുള്ള മറ്റു സ്രോതസ്സുകളിൽ നിന്നും വെള്ളം ലഭ്യമാകുമോ എന്ന് പരിശോധന നടത്താതെ വീണ്ടും വീണ്ടും കിണർ കുഴിച്ചത് ആസൂത്രണത്തിലെ പാളിച്ച ആണ്.

2. 3 കുഴൽ കിണർ കുഴിച്ചതിനുശേഷം 4-ാമതായി Open Well കുഴിക്കുന്നതിന് ഉള്ള റിവൈസ്ഡ് എസ്റ്റിമേറ്റിന് അർഹതപ്പെട്ട സാങ്കേതിക ഉദ്യോഗസ്ഥന്റെ അനുമതി ലഭ്യമാക്കിയിട്ടില്ല.

3. എക്സ്ട്രാ ഐറ്റംസ് ഉൾപ്പെടുത്തിയതിന് കരാറുകാരനുമായി സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല.

4. ഈ പ്രവൃത്തിയുടെ കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്ക് എസ്റ്റിമേറ്റിനേക്കാൾ 7.2% കുറവാണ്. എന്നാൽ ഫൈനൽ ബില്ല് നൽകുമ്പോൾ ഇത് കുറവു വരുത്താതെ കരാറുകാരന് മുഴുവൻ തുകയും നൽകിയിട്ടുണ്ട് . അധികം നൽകിയ തുക ഓഡിറ്റ് എൻക്വയറി (20/15.7.2020) നൽകിയതു പ്രകാരം ഈടാക്കിയിട്ടുണ്ട്.

പഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം (ഓഡിറ്റ് എൻക്വയറി 21/15.7.2020) ശ്മശാനം പ്രവൃത്തിക്കായി 2012-13 മുതൽ താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വർഷം | പ്രവൃത്തി | ചെലവു തുക |
|---|---|---|
| 2012-13 | മതിൽ നിർമ്മാണം | 200000 |
| 2014-15 | - ടി - | 1078541 |
| 2016-17 | ശ്മശാനം കെട്ടിടനിർമ്മാണം | 5800000 |






14.07.2020 ന് ഓഡിറ്റ് ടീം, അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ ശ്മശാനം സന്ദർശിച്ചപ്പോൾ താക്കോൽ ലഭ്യമല്ലാത്തതിനാൽ കോമ്പൗണ്ടിൽ പ്രവേശിക്കാനായില്ല. ശ്മശാനം നിലവിൽ പ്രവർത്തിക്കുന്നില്ല. ശ്മശാനത്തിന് നാളിതുവരെ ചെലവഴിച്ചിട്ടുള്ള തുക, നിലവിലെ സ്ഥിതി, ഇത് പ്രവർത്തനം ആരംഭിക്കാൻ സ്വീകരിച്ച നടപടികൾ എന്നിവ സംബന്ധിച്ച് നൽകിയ സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/15.07.2020) പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകളുടെ വിവരം മാത്രമാണ് മറുപടിയായി ലഭ്യമായത്. മേൽ അപാകതകൾ സംബന്ധിച്ച് ലഭ്യമായ മറുപടി റിവൈസ്ഡ് എസ്റ്റിമേറ്റിൽ അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ ഒപ്പുവെയ്ക്കാതിരുന്നത് ശ്രദ്ധയിൽ പെട്ടില്ല എന്നും ബന്ധപ്പെട്ട അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ 6.6.19 ന് മരണപ്പെട്ടതിനാൽ നിലവിലെ അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ T.S. രജിസ്റ്ററിൽ ചേർത്തിട്ടുണ്ട് എന്നതിന്റെ സാക്ഷ്യപത്രം നൽകിയിട്ടുണ്ട് എന്നും എക്സ്ട്രാ ഐറ്റംസ് ഉൾപ്പെടുത്തിയതിന് കരാറുകാരനുമായി സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കാതിരുന്ന പിഴവ് ആവർത്തിക്കില്ല എന്നുമാണ്.

ഓഡിറ്റ് നിർദ്ദേശം

- റിവൈസ്ഡ് എസ്റ്റിമേറ്റ്, എക്സ്ട്രാ ഐറ്റംസ് എന്നിവയിൽ 13-ാം പദ്ധതി മാർഗ്ഗരേഖ, കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ യഥാസമയം പാലിക്കേണ്ടതാണ്.
- പ്രവൃത്തികൾ പൂർത്തീകരിച്ച് ശ്മശാനം പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 എം.സി.എഫ് സെന്റർ , ഷ്രെഡ്ഡിംഗ് യൂണിറ്റ് എന്നിവ പ്രവർത്തനമാരംഭിച്ച് മാലിന്യസംസ്കരണം കാര്യക്ഷമമാക്കേണ്ടതാണ്

2017-18 സാമ്പത്തിക വർഷത്തിൽ പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കൽ - മുണ്ടൂർ ഗ്രാമപഞ്ചായത്ത് എന്ന പ്രൊജക്റ്റ് (നം.S0018/18) പാലക്കാട് ബ്ലോക്ക് പഞ്ചായത്ത്, മുണ്ടൂർ ഗ്രാമ പഞ്ചായത്ത്, കോങ്ങാട് ഗ്രാമപഞ്ചായത്ത് എന്നീ സ്ഥാപനങ്ങളുടെ സംയുക്ത പ്രൊജക്ടായി 22,40,400/- അടങ്കലായി വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്. ക്ലീൻ കേരള കമ്പനി മുഖേന പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റും, ബെയിലിംഗ് യൂണിറ്റും സ്ഥാപിക്കുവാനായാണ് തുക ചെലവഴിച്ചത് .

മേൽ പ്രൊജക്റ്റിന്റെ അനുബന്ധമായി ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് താഴെ പറയും വിധം തുക വകയിരുത്തിയിട്ടുണ്ട്

| ക്രമ | പ്രൊജക്റ്റ് | വകയിരുത്തിയ തുക/ ഫണ്ട് | ചെലവ് |
|---|---|---|---|
| 1. | 212/2020 – പ്ലാസ്റ്റിക്ക് | 1200000, | ഇലക്ട്രിഫിക്കേഷൻ 80736/-(ചെക്ക് നം.- |

| | | | |
|---|---|---|---|
| | ഷ്രെഡിംഗ് യൂണിറ്റിലേക്കുള്ള ജലവിതരണ സംവിധാനം (പൈപ്പ് ലൈൻ വൈദ്യുതീകരണം) | കേന്ദ്രാവിഷ്കൃത ഫണ്ട് | 817849/29.02.2020)<br>ജലവിതരണ സംവിധാനം-480021/-( പാർട്ട് ബിൽ)(ചെക്ക് നം. - 817849/ 29.02.2020) |
| 2. | 228/2020 – മാലിന്യ സംസ്കരണം -മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ | 466400<br>വികസനഫണ്ട്- സാധാരണ വിഹിതം | തൻവർഷം ചെലവില്ല |

പ്രവേശന കവാടം



കളക്ഷൻ സെന്റർ, ഷ്രെഡിംഗ് യൂണിറ്റ്



എം.സി.എഫ് .സെന്റർ



14.07.2020 ന് ഓഡിറ്റ് ടീം, അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ എം.സി.എഫ് സെന്റർ , ഷ്രെഡ്ഡിംഗ് യൂണിറ്റ് എന്നിവ സന്ദർശിച്ചപ്പോൾ എം.സി.എഫ് സെന്ററിന്റെ കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതായും ഷ്രെഡ്ഡിംഗ് യൂണിറ്റിൽ പ്ലാസ്റ്റിക്ക് ഷ്രെഡിംഗ്ഗ് , ബെയിലിംഗ് എന്നീ

യൂണിറ്റുകൾക്കുള്ള യന്ത്രസാമഗ്രികൾ സ്ഥാപിച്ചിട്ടുള്ളതായും ജലവിതരണ സംവിധാനം ഒരുക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചു വരുന്നതായും കണ്ടു.

പ്രവൃത്തികൾ പൂർത്തീകരിച്ച് എം.സി.എഫ് സെന്റർ , ഷ്രെഡ്ഡിംഗ് യൂണിറ്റ് എന്നിവ പ്രവർത്തനമാരംഭിക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ച് പഞ്ചായത്തിലെ പ്ലാസ്റ്റിക്ക് മാലിന്യസംസ്കരണം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-31 എ.ഇ യുടെ ഓഫീസ് ഫർണിച്ചർ ചെയ്യൽ- സാക്ഷ്യപത്രമില്ല

പ്രൊജക്റ്റ്- എ.ഇ. യുടെ ഓഫീസ് കെട്ടിടത്തിന് വയറിംഗ്, ഫർണിച്ചർ എന്നിവ ചെയ്യൽ(196/2020)

അടങ്കൽ- 550000/- ( മെയിന്റനൻസ് റോഡിതര ഫണ്ട് ) ചെലവ്- ₹.363437/- (2019-20)

ബിൽനം.33/11.07.2019- ₹.363437/-

എ.ഇ. ഓഫീസ് കെട്ടിടത്തിന് വയറിംഗ്, ഫർണിച്ചർ എന്നിവ ചെയ്യൽ പ്രവൃത്തിയിൽ 2018-19 ൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിക്കും ഓഫീസ് പാർട്ടീഷൻ ചെയ്ത് ക്യാബിൻ നിർമ്മിക്കുന്നതിനും അനുബന്ധ പ്രവൃത്തികൾക്കുമാണ് തുക വകയിരുത്തിയത്. അക്രിറ്റഡ് ഏജൻസിയായ റബ്കോ, കണ്ണൂർ എന്ന സ്ഥാപനം മുഖേന ചെയ്ത പ്രവൃത്തിയിൽ ക്യാബിൻ നിർമ്മിക്കുന്നതിനും പാർട്ടീഷന് വാതിൽ ഫിറ്റ് ചെയ്യുന്നതിനുമായി 13.12.18 ഇൻവോയ്സ് പ്രകാരം ചെലവ് വരുന്നത് 363437/- ആണ്. ഈ തുക മേൽപ്രകാരം പിൻവലിച്ച് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന റബ്കോ ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ചെയ്ത പ്രവൃത്തി അളവുപുസ്തകത്തിൽ അളവു ചേർക്കുന്നതല്ലാത്തതിനാൽ തുക നൽകുന്നതിനു മുൻപായി നിർവ്വഹണോദ്യോഗസ്ഥനായ എ.ഇ. റബ്കോ ചെയ്ത പ്രവൃത്തി, പ്രവൃത്തിയുടെ ഗുണനിലവാരം എന്നിവ പരിശോധിച്ചതായി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ മോണിറ്ററിംഗ് സമിതി റിപ്പോർട്ടും ഇല്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/15.07.2020) മറുപടിയായി അപാകത പരിഹരിക്കുന്നതാണെന്ന് എ.ഇ.അറിയിച്ചിട്ടുണ്ട്.

മേൽ സൂചിപ്പിച്ച അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-32 പ്രൊജക്റ്റ് രൂപീകരണം- അർഹരായവരെ മാത്രം ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

ഉന്നതപഠനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി അർഹരായ എസ് .സി . വിദ്യാർത്ഥികൾക്ക് ധനസഹായം നല്കുക എന്നത് ലക്ഷ്യമാക്കി നം. - S0049/20 - എസ്.സി.വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (ഉന്നതപഠനം) എന്ന പ്രൊജക്റ്റ് എച്ച്.എം. നിർവ്വഹണോദ്യോഗസ്ഥയായി മുണ്ടൂർ പഞ്ചായത്തിൽ ഏറ്റെടുത്തു നടപ്പിലാക്കിയിട്ടുണ്ട്.

അടങ്കൽ – 200000 രൂപ (വികസനഫണ്ട് - എസ്.സി.പി)
ചെലവ് – 185000 രൂപ ( ട്രഷറി ബിൽ നം.5/19-20 ,തിയതി- 5/2/2020)

13-ാം പദ്ധതി മാർഗ്ഗ നിർദ്ദേശപ്രകാരം സ്കോളർഷിപ്പ് ലഭിക്കേണ്ടതിനായി വിദ്യാർത്ഥികൾ അപേക്ഷയോടൊപ്പം, ജാതി, കോഴ്സ് എന്നിവയുടെ സർട്ടിഫിക്കറ്റുകൾ തുടങ്ങിയ രേഖകൾ സമർപ്പിക്കേണ്ടതാണ്. പഞ്ചായത്ത് 18 പേരുടെ ഗുണഭോക്തൃലിസ്റ്റാണ് സമർപ്പിച്ചിട്ടുള്ളത് (പഞ്ചായത്ത് ഭരണസമിതി തീരുമാനം നം. 2 (2) , തിയതി – 26/2/2019). ആയതിൽ നിന്നും സ്കോളർഷിപ്പ് നല്കുന്നതിനായി 8 വിദ്യാർത്ഥികളെയാണ് തെരെഞ്ഞെടുത്തിട്ടുള്ളത്. അതിൽ ഒരു വീട്ടിലെ 2 വിദ്യാർത്ഥികളും ഉൾപ്പെടുന്നു. മറ്റു വിദ്യാർത്ഥികളുടെ മുൻഗണനക്രമം പാലിച്ചുകൊണ്ടുതന്നെയാണോ ഈ പ്രോജക്റ്റിനായുള്ള വിദ്യാർത്ഥികളെ തെരെഞ്ഞെടുത്തിട്ടുള്ളത് എന്നതിനും ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട മറ്റു വിദ്യാർത്ഥികളെ ഒഴിവാക്കിയത് സംബന്ധിച്ചും

ഓഡിറ്റ് അന്വേഷണം – 2 , തിയതി – 10/7/2020 നല്കിയിരുന്നു. അതിന് മറുപടിയായി , പഞ്ചായത്ത് നല്കിയ ലിസ്റ്റിലുള്ള 4 പേർ കോഴ്സ് കഴിഞ്ഞവരാണെന്നും , ഒരു കുട്ടി +2 കോഴ്സാണ് പഠിക്കുന്നത് എന്നും, 2 പേർ I.T.I ,T.T.C . മുതലായ കോഴ്സുകളിൽ അഡ്മിഷൻ എടുത്തവരാണെന്നും ,ബാക്കിയുള്ളവരെ ഒഴിവാക്കിയത് അവർ രേഖകൾ ഹാജരാക്കാത്തതും മൂലമാണ് എന്ന് മറുപടിയാണ് നിർവ്വഹണോദ്യോഗസ്ഥ നല്കിയത്.

പ്രൊജക്റ്റ് രൂപീകരണവേളയിലുണ്ടായ ആസൂത്രണത്തിലെ പാളിച്ചയാണ് ഇതിൽ വ്യക്തമാകുന്നത്. അർഹരായ വിദ്യാർത്ഥികൾ മാത്രമേ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളു എന്ന് ഉറപ്പുവരുത്തേണ്ടതും അവരിൽനിന്നും നിശ്ചയിച്ച മുൻഗണനാക്രമം അടിസ്ഥാനമാക്കി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നല്കാൻ ശ്രദ്ധ ചെലുത്തേണ്ടതുമായിരുന്നു. അനർഹരായവർ ലിസ്റ്റിൽ ഉൾപ്പെട്ടാൽ അർഹരായ മറ്റു വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ അവർക്ക് ധനസഹായം നഷ്ടപ്പെടുമെന്നതിനാൽ , പ്രൊജക്റ്റ് നടപ്പിലാക്കുമ്പോൾ ഗുണഭോക്തൃലിസ്റ്റിൽ അർഹരായവരെ മാത്രം ഉൾപ്പെടുത്തി തുടർനടപടികൾ കൈകൊള്ളാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

ഓരോ വർഷവും പ്രോജക്റ്റിന് അർഹതയുള്ളവരെ തെരഞ്ഞെടുത്തിട്ടുള്ളത് സംബന്ധിച്ച പേരുവിവരങ്ങൾ അടങ്ങിയ വാച്ച് രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓഡിറ്റ് വേളയിൽ ഹാജരാക്കേണ്ടതുമാണ്.

## 1-33 പാലിയേറ്റീവ് കെയർ പദ്ധതി വിഹിതം-അപാകതകൾ

പാലിയേറ്റീവ് കെയർ പദ്ധതി വിഹിതം ചെലവുകളുടെ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള പ്രവർത്തനങ്ങളുടെ ഗൃഹസന്ദർശന രജിസ്റ്റർ പ്രകാരം ഓരോ ദിവസവും ഗൃഹസന്ദർശനം അവസാനിക്കുന്ന വേളയിൽ താഴെപ്പറയുന്ന കാര്യങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ആയത് പ്രകാരം ചെലവുകൾ ക്രമീകരിക്കേണ്ടതുമാണ്.

1, ഉപയോഗിച്ച വാഹനത്തിന്റെ വിവരം

2,വാഹനം ഓടിയ ദൂരം, തുടങ്ങുമ്പോഴുള്ള റീഡിംഗ്, അവസാനിക്കുമ്പോഴുള്ള റീഡിംഗ്.

3,സന്നദ്ധ പ്രവർത്തകർക്ക് ഭക്ഷണത്തിനായിചെലവഴിച്ച തുക

4, ഗൃഹസന്ദർശനം അവസാനിച്ച സമയം.

5, സന്നദ്ധ പ്രവർത്തകൻ, പാലിയേറ്റീവ് നേഴ്സ് എന്നിവരുടെ ഒപ്പ്. മെഡിക്കലാഫീസറുടെ സാക്ഷ്യപ്പെടുത്തൽ

മേൽപ്പറഞ്ഞ വിവരങ്ങൾ കൂടി രജിസ്റ്ററിൽ രേഖപ്പെടുത്തിയതിനുശേഷം മാത്രമേ ഭാവിയിൽ അനുവദിച്ചുനൽകുവാൻ പാടുള്ളൂ. വൗച്ചറുകൾ പ്രകാരം തുക അനുവദിച്ച് നല്കിയതിൽ ഓഡിറ്റ് വിശദീകരണം 15.7.2020ന് 19-ാം നമ്പരായി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമായിട്ടില്ല.

## 1-34 ആയുർവേദആശുപത്രിക്ക് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ - സംബന്ധിച്ച്.

ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ ഓഡിറ്റിന് വിധേയമാക്കിയതിൽ മെഡിക്കൽഓഫീസർ ആയുർവേദം നിർവ്വഹണം നടത്തിയ ആയുർവേദആശുപത്രിക്ക് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള അനുബന്ധപ്രവർത്തനങ്ങൾ നിർവ്വഹണത്തിനായി ഒരുലക്ഷം രൂപ തനത്ഫണ്ടിൽ നിന്ന് വകയിരുത്തിയതിൽ നിന്നും 38070/-രൂപ സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥന്റെ അക്കൗണ്ടിലേക്ക് മാറ്റി നല്കിയിട്ടുണ്ടെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ ആയതിന്റെ പേമെന്റ് ഓഡിറ്റ് സമയം വരെ നല്കിയിട്ടില്ല എന്ന് നിർവ്വഹണഉദ്യോഗസ്ഥൻ വ്യക്തമാക്കിയിട്ടുണ്ട്. കരാർ കാലയളവിനുള്ളിൽ പ്രവർത്തനം ആരംഭിച്ച് സ്ഥാപനത്തിന് നഷ്ടം സംഭവിക്കാതെ പ്രവർത്തി നിശ്ചിത സമയത്തുതന്നെ പൂർത്തീകരിക്കുവാൻ

നിർവ്വഹണഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. ആയതിന്മേലുള്ള തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-35 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് നൽകൽ പദ്ധതി - പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

എ) ഭിന്നശേഷിക്കാരുടെ വിവരങ്ങൾ അടങ്ങിയ രജസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയുടെ പരിശോധനയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് സ.ഉ.(സാധാ)നം.2465/2016/തസ്വഭവ തിയ്യതി 17.08.2016 പ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. പരിശോധനയ്ക്കായി ഭിന്നശേഷിക്കാരുടെ വിവരങ്ങൾ അടങ്ങിയ രജസ്റ്റർ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഭിന്നശേഷിക്കാരുടെ വിവരങ്ങൾ എഴുതി പൂർത്തീകരിച്ച് ഹാജരാക്കുന്നതിന് സമയം തരണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാരുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും അടുത്ത ഓഡിറ്റിന് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

ബി) ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് നൽകൽ (ജനറൽ) പദ്ധതി - തുക ലഭ്യമായതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്ട് നം. – 12/20

അടങ്കൽ - 750000/-

ചെലവ് -737550/-

ട്രഷറി ബിൽ നം. - 10/19-20, തുക – 500000/- തി.30-12-2019

2019-20 സാമ്പത്തിക വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് നൽകൽ (ജനറൽ) പദ്ധതിയിലൂടെ 40 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. പദ്ധതിയിലൂടെ ആബിദ എന്ന മാനസിക വൈകല്യമുള്ള വിദ്യാർത്ഥിനിക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ജില്ലാ പഞ്ചായത്ത് വിഹിതവും ഉൾപ്പെടെ 28500/- രൂപ (മേൽ സൂചിപ്പിച്ച ട്രഷറിബിൽ പ്രകാരം മാറിയത്) അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി സ്റ്റേറ്റ്മെന്റ് സൂക്ഷിച്ചിട്ടുണ്ട്. സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ താഴെ പറയുന്ന വൈരുദ്ധ്യം കാണുന്നു.

തുക ട്രാൻസ്ഫർ ചെയ്ത സ്റ്റേറ്റ്മെന്റിലെ അക്കൗണ്ട് നം. - 67199827117

പാസ്സ് ബുക്ക് പകർപ്പിലെ അക്കൗണ്ട് നം. - 67199827117

മേൽ സാഹചര്യത്തിൽ ആബിദ എന്ന വിദ്യാർത്ഥിനിക്ക് തുക ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 11/14-07-2020)

## 1-36 അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

മുണ്ടൂർ ഗ്രാമപഞ്ചായത്തിൽ ആകെ 39 അങ്കണവാടികളാണ് ഉള്ളത്.അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 9 അങ്കണവാടികൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 24 അങ്കണവാടികൾക്ക് കുടിവെള്ളം

കണക്ഷൻ ഇല്ലാത്തവയും 5 അങ്കണവാടികൾ ചുറ്റുമതിൽ ഇല്ലാത്തവയുമാണ്. 39 അങ്കണവാടികളിലും സാധാ ടോയ് ലറ്റുകൾ ഉണ്ടെങ്കിലും ബേബി ഫ്രണ്ട് ലി ടോയ് ലറ്റുകൾ ഇല്ല.

പൂരക പോഷകാഹാര പരിപാടിയുടെ കേന്ദ്രവിഹിതമായി ബ്ലോക്ക് പഞ്ചായത്ത് മുഖേന ലഭിച്ച തുകയിൽ 625984/- രൂപ ചെലവഴിക്കാതെ തനത് ഫണ്ട് അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ടെന്ന് പരിശോധനയിൽ കണ്ടെത്തി.

അക്കൗണ്ട് നം. 67381768786, എസ്.ബി.ഐ, മുണ്ടൂർ ബ്രാഞ്ച്
നീക്കിയിരിപ്പിന്റെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 234312 |
| വരവ് | 1110565 |
| ആകെ | 1344877 |
| ചെലവ് | 718893 |
| നീക്കിയിരുപ്പ് | 625984 |

സർക്കുലർ നമ്പർ 39033/ഡി.സി.2/2ത.സ്വ.ഭ.വ തിയതി 3-9-2010 പ്രകാരം പൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിർദ്ദേശം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

സർക്കുലർ നമ്പർ 31055/ഡി.സി.2/2011/തസ്വഭവ തിയ്യതി 22-3-2011 ഖണ്ഡിക (സി)1, 2, 3 പ്രകാരം എല്ലാ വർഷവും മെയ് 10 നകം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്.

അങ്കണവാടി കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമായത് സംബന്ധിച്ച വിവരം പരിശോധിച്ചതിൽ മുതുകാട്, നമ്പുള്ളിപുര, തലപൊറ്റ, ഇരഞ്ഞിപ്പാടം എന്നീ 4 അങ്കണവാടികൾക്ക് " Unfit" എന്നും വേലിക്കാട്, മീനങ്ങാട് എന്നീ അങ്കണവാടികൾക്ക് " Maintanance Work Needed " എന്നുമാണ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുള്ളത്. ടി അങ്കണവാടി കെട്ടിടങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നമ്പുള്ളിപുര അങ്കണവാടിക്ക് കെട്ടിട നിർമ്മാണത്തിനും വേലിക്കാട്, മീനങ്ങാട് എന്നീ അങ്കണവാടികളുടെ Maintanance വർക്കിനും തുക വകയിരുത്തിയിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ടി അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണവും അറ്റകുറ്റ പണികളും സംബന്ധിച്ച തുടർനടപടികളുടെ വിവരവും മേൽ സൂചിപ്പിച്ച മറ്റ് അങ്കണവാടി കെട്ടിടങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരവും അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 11/14-07-2020)

## <u>1-37 റീടെൻഡർ പ്രയോജനപ്പെടുത്തിയില്ല. പ്രോജക്റ്റ് നടത്തിപ്പിൽ അപാകത-ഓഡിറ്റ് വിശദീകരണം ആവശ്യപ്പെടുന്നു</u>

പ്രൊജക്ട് – പട്ടിക ജാതി വീടുകളിൽ പി വി സി വാട്ടർടാങ്ക് നൽകൽ

ബിൽനം./തുക -3/19-20Dt.25.3.20 Rs.72149/-

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

മേൽ പ്രൊജക്റ്റ് പ്രകാരം ടി സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിലെ 35 പട്ടിക ജാതി കുടുംബങ്ങൾക്ക് 500 ലിറ്ററിന്റെ പി.വി.സി വാട്ടർ ടാങ്കുകൾ വാങ്ങി നൽകിയിട്ടുണ്ട്. ആയതിന്റെ ടെൻഡർ നടപടികളുടെ ഫയൽ പരിശോധിച്ചതിൽ 30.10.2019 ലെ ആദ്യ ടെൻഡർ ഒഴിവാക്കി റീ ടെൻഡർ ചെയ്തിരിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. രണ്ട് കരാറുകാർ പങ്കെടുത്ത ടെൻഡർ മത്സരസ്വഭാവമില്ല എന്ന കാരണത്താലാണ് പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തോടുകൂടി റദ്ദാക്കി റീടെൻഡർ ക്ഷണിച്ചിരിക്കുന്നത്. (തീരുമാനം നം.5/1 തീയ്യതി.15.11.2019)

റീടെൻഡറിൽ ആകെ മൂന്ന് പേർ പങ്കെടുത്തതിൽ ഏറ്റവും കുറവ് രേഖപ്പെടുത്തിയ ഓഷൻ പോളിമേർസ് അത്താണി എന്നസ്ഥാപനം പ്രിലിമിനറി എഗ്രിമെന്റ് സമർപ്പിച്ചിട്ടില്ലാത്തതിനാൽ ഒഴിവാക്കി ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ വിക്ടോറിയ പോളിഫോം എന്ന സ്ഥാപനത്തെയും രണ്ടാമതായി കുറവ് തുക രേഖപ്പെടുത്തിയ സൌത്ത് ഇൻ പോളിമേർസ് എന്നസ്ഥാപനത്തെയും നെഗോസിയേഷന് വിളിക്കുകയും ആയതിൽ കുറവ് തുക രേഖപ്പെടുത്തിയ സൌത്ത് ഇൻ പോളിമേർസ് എന്നസ്ഥാപനത്തിന് ടെൻഡർ ഉറപ്പിച്ച് നല്കിയിരിക്കുകയും ചെയ്തിരിക്കുന്നു.

താഴെപ്പറയുന്ന ഓഡിറ്റിന്റെ നിരീക്ഷണങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ടതിന് തൃപ്തികരമായ മറുപടി ലഭ്യമായില്ല.

1, രണ്ട് കരാറുകാർ പങ്കെടുത്ത ടെൻഡർ മത്സരസ്വഭാവമില്ല എന്നതിന്റെ സാഗത്യം വിശദീകരിക്കപ്പെട്ടിട്ടില്ല.

2, മത്സരസ്വഭാവമെങ്കിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഓഷൻ പോളിമേർസ് അത്താണി എന്നസ്ഥാപനം പ്രിലിമിനറി എഗ്രിമെന്റ് സമർപ്പിച്ചിട്ടില്ലാത്തതിനാൽ ഒഴിവാക്കാതെ അവരെയും നെഗോസിയേഷന് വിളിക്കാമായിരുന്നു. ഇതിനാൽ സ്ഥാപനത്തിന് നഷ്ടം സംഭവിച്ചു.

3, ആദ്യ ടെൻഡർ ഒഴിവാക്കി റീ ടെൻഡർ ചെയ്തതിലൂടെ പ്രോജക്റ്റ് സ്പിൽ ഓവർ ആകുകമാത്രമാണ് ഉണ്ടായത്. വിലയിൽ വ്യത്യാസം ഇല്ല.

4, ഈ ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവർത്തികളുൾപ്പെടെയുള്ള മറ്റ് ടെൻഡറുകൾ അംഗീകരിച്ചിരിക്കുന്നത് പരിശോധിച്ചതിൽ എല്ലാറ്റിലും രണ്ടു ടെൻഡറുകൾ വീതം മാത്രമാണ് ലഭ്യമായിരിക്കുന്നതെന്ന് കാണവാൻ കഴിഞ്ഞു.

മേൽപ്പറഞ്ഞവയിൽ 10.07.2020 ന് നൽകിയ 7-ാം നമ്പരായ ഓഡിറ്റ് അന്വേഷണത്തിന് തൃപ്തികരമായ വിശദീകരണം നൽകിയിട്ടില്ല.

## 1-38 കുടുബശ്രീ യൂണിറ്റുകളുടെ പ്രവർത്തനം മാതൃകാപരം

കുടുബശ്രീ യൂണിറ്റുകളുടെ പ്രവർത്തനം മാതൃകാപരമാണ്. പ്ളാസ്റ്റിക്ക് നിർമ്മാർജ്ജനത്തിന്റെ ഭാഗമായി തൻവർഷം രണ്ട് തുണിസഞ്ചി യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ വിശപ്പുരഹിതം പദ്ധതിയുടെ ഭാഗമായി ഇരുപത് രൂപയ്ക്ക് ഭക്ഷണം നല്കുന്ന ജനകീയ ഹോട്ടലും തൻവർഷം ആരംഭിച്ചിട്ടുണ്ട്. മുൻവർഷത്തെയും തൻവർഷത്തെയും പൊതുവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഇനങ്ങൾ | 2017-18 | 2018-19 |
|---|---|---|---|
| 1 | ആകെ അയൽക്കൂട്ടങ്ങൾ | 317 | 328 |
| 2 | ആകെ അംഗങ്ങൾ | 6017 | 6209 |
| 3 | ആകെ എം.ഇ യൂണിറ്റുകൾ | 21 | 52 |
| 4 | ആകെ കെ.എൽ.ജികളുടെ എണ്ണം | 33 | 42 |

| | | | |
|---|---|---|---|
| 5 | ലിങ്കേജ് വായ്പ്പയെടുത്ത അയൽക്കൂട്ടങ്ങളുടെ എണ്ണം | 316 | 326 |
| 6 | വയോജന അയൽക്കൂട്ടങ്ങളുടെ എണ്ണം | 19 | 22 |
| 7 | ഭിന്നശേഷി അയൽക്കൂട്ടങ്ങളുടെ എണ്ണം | 5 | 6 |
| 8 | വനിതാ കൺസ്ട്രക്ഷൻ ഗ്രൂപ്പുകൾ | 1 | 1 |
| 9 | ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം | 201 | 201 |
| 10 | തുണിസഞ്ചിയൂണിറ്റുകളുടെ എണ്ണം | - | 2 |

അംഗങ്ങളുടെ എണ്ണത്തിലും അയൽക്കൂട്ടങ്ങളുടെ എണ്ണത്തിലും വർദ്ധനവുണ്ടായിട്ടുണ്ട്. ആശ്രയ പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണത്തിൽ കുറവ് കാണുവാൻ കഴിഞ്ഞില്ല.

## 1-39 തെരുവുവിളക്കുകളുടെ പരിപാലനം

പഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ വാർഡ് തിരിച്ചുള്ള എണ്ണം, ഇനം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന പൂർത്തീകരിച്ചിട്ടില്ല. എല്ലാ വാർഡുകളിലും നിലവിൽ മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ചെലവ് വിവരങ്ങൾ

തൻ വർഷം വൈദ്യുതി ചാർജ്ജിനത്തിൽ 724672/- രൂപയും തെരുവുവിളക്കുകളുടെ അറ്റകുറ്റപണികൾക്കായി 493609/- രൂപയും ചെലവുണ്ട്. അറ്റകുറ്റപണികൾക്കുള്ള ചെലവിൽ 249409/- രൂപ ഇലക്ട്രിക് സാമഗ്രികളുടെ വിലയും, 2,44,200 രൂപ റിപ്പയർ ചാർജ്ജുമാണ്.

തെരുവ് വിളക്കുകളുടെ മെയിന്റനൻസ്

തെരുവ് വിളക്കുകളുടെ അറ്റകുറ്റപണികൾ AMC മുഖേനയല്ല നടത്തിയിരിക്കുന്നത്. അറ്റകുറ്റപണികൾ നടത്തിയിരിക്കുന്നത് അഡാട്ട് മാതൃകയിലാണ്. ഗ്രാമപഞ്ചായത്ത് തെരുവ് വിളക്ക് മെയിന്റനൻസിനാവശ്യമായ സാധന സാമഗ്രികൾ ടെണ്ടർ മുഖേന വാങ്ങി സ്റ്റോക്കിലെടുത്ത് ആവശ്യത്തിന് ഇഷ്യൂ ചെയ്യുന്നു. അറ്റകുറ്റപണികൾക്കായി ദിവസവേതനത്തിന് ആളെ നിയോഗിച്ചിരിക്കുന്നു. തെരുവു വിളക്കുകൾ ഗ്രാമപഞ്ചായത്ത് വാങ്ങി നൽകുമ്പോൾ 25000 രൂപയ്ക്ക് മുകളിലാണെങ്കിൽ GeM മുഖേന വാങ്ങേണ്ടതായിരുന്നു ആയത് പാലിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

- വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് ആയതിനനുസരിച്ച് അറ്റകുറ്റപ്പണികൾക്കുള്ള തുക വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. മീറ്ററിനു കീഴിലല്ലാത്ത ലാമ്പുകളുടെ കൃത്യമായ കണക്ക് വൈദ്യുതി ബോർഡിൽ നിന്നും ലഭ്യമാക്കി അധിക വൈദ്യുതി ചാർജ്ജ് അടവാക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
- എൽ.ഇ.ഡി ലാമ്പുകൾക്ക് ശരാശരി 50000 മണിക്കൂർ ആയുസ്സ് ഉള്ളതിനാൽ 10 വർഷത്തിൽ അധികം നിലനിൽക്കുന്നതാണ്. ആയതിനാൽ നിലവിലുള്ള ഊർജ്ജ ഉപഭോഗം കൂടുതലുള്ള ലാമ്പുകൾക്ക് പകരം ഘട്ടം ഘട്ടമായി എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

- തെരുവു വിളക്കുകളുടെ പരിപാലനത്തിനായി പുറപ്പെടുവിച്ച സർക്കുലർ നം. 3055/ഡി.എ3/2011/ തസ്വഭവ തിയതി 15-09-2011 ലെ മാർഗ്ഗ നിർദ്ദേശങ്ങൾ കണക്കിലെടുത്ത് പരിപാലനം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.
- തെരുവു വിളക്കുകളുടെ പരിപാലനത്തിനായി പഞ്ചായത്ത് ഡയറക്ടർ 17-8-2015 ന് പുറപ്പെടുവിച്ചിട്ടുള്ള ജി2-44274/2015 നമ്പർ ഉത്തരവിലെ നടപടിക്രമങ്ങൾ പാലിക്കുന്നതിനുള്ള ശ്രദ്ധിക്കേണ്ടതാണ്. ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള മാതൃകയിൽ തെരുവു വിളക്ക് മെയ്ന്റനൻസ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.
- ഓരോ ഇനം ലാമ്പുകളുടെ കൃത്യമായ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മാത്രം അറ്റകുറ്റപ്പണികൾക്കുള്ള അടങ്കൽ തുക നിശ്ചയിക്കേണ്ടതാണ്.
- തെരുവു വിളക്കുകൾ ഗ്രാമപഞ്ചായത്ത് വാങ്ങി നൽകുമ്പോൾ 25000 രൂപയ്ക്ക് മുകളിലാണെങ്കിൽ GeM മുഖേന വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.
- തെരുവുവിളക്കുകളുടെ പരിപാലനത്തിനായി കാര്യക്ഷമമായ തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചാൽ വൈദ്യുതി ചാർജ്ജും പരിപാലനച്ചെലവും ഗണ്യമായി കുറയ്ക്കുവാൻ സാധിക്കുമെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്ന തുടർ നപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1- 40 കുടിവെള്ള പദ്ധതി

പഞ്ചായത്ത് നേരിട്ട് പരിപാലിക്കുന്ന ഒരു കുടിവെള്ള പദ്ധതിയാണുള്ളത് ചുങ്കം കുടിവെള്ള പദ്ധതി. കുടിവെള്ള പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് പഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

6 വാർഡുകളിലായി (6-11) ആകെ 89 പൊതുടാപ്പുകളാണ് ഈ കുടിവെള്ള പദ്ധതിയിൻ കീഴിലുള്ളത്. ഗാർഹിക കണക്ഷൻ ഇല്ല. 2019-20 വർഷത്തെ ചെലവ് വിവരങ്ങൾ:-

ഇലക്ട്രിസിറ്റി ചാർജ്ജ് – 18958/-

റിപ്പയർ ചാർജ്ജ്- 10392/-

പമ്പ് ഓപ്പറേറ്റർ വേതനം – 72800/-

ആകെ - 102150/-

സ.ഉ(സാ) നം. 1275/2009/ ത.സ്വ.ഭ.വ തിയതി 30-5-2009 ലെ നിർദ്ദേശം പാലിച്ച് കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് - സംരക്ഷണ ചുമതല എന്നിവ ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കേണ്ടതാണ്. ഈ കുടിവെള്ള പദ്ധതിയിൻ കീഴിൽ ഗാർഹിക,ഗാർഹികേതക കണക്ഷനുകൾ ഒന്നും ഇല്ലാത്തതിനാൽ വെള്ളക്കരം വരവില്ല. പഞ്ചായത്തിന് വർഷത്തിൽ ഒരു ലക്ഷത്തിലധികം രൂപ ചെലവ് വരുന്നുണ്ട്. ആയതിനാൽ ഈ വിഷയത്തിൽ ഭരണസമിതി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതും, പൊതുടാപ്പുകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

## 1-41 എ.ഇ.നിർവ്വഹണോദ്യോഗസ്ഥയായ ഡെപ്പോസിറ്റ് പ്രവൃത്തികൾ - എഗ്രിമെന്റ് വെച്ചിട്ടില്ല

ഓഡിറ്റ് വർഷം തുക ചെലവഴിച്ചിട്ടുള്ള താഴെ പറയുന്ന പ്രവൃത്തികളിൽ വിവിധ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി.യിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ 13-ാം പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് തുക ഡെപ്പോസിറ്റ് ചെയ്യുമ്പോൾ നിർവ്വഹണ ഏജൻസിയുമായി നിർവ്വഹണോദ്യോഗസ്ഥ കരാർ വെയ്ക്കണം എന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

കൂടാതെ ഡെപ്പോസിറ്റ് ചെയ്ത തുക വിനിയോഗിച്ചതായോ പ്രവൃത്തി പൂർത്തികരിച്ചതായോ ഉള്ള സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

| ക്രമനം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക |
|---|---|---|---|---|
| 1. | KSEB | 212/2020 – പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റിലേക്കുള്ള ജലവിതരണ സംവിധാനം | ചെക്ക് നം.- 817849/ 29.02.2020 | 80736/- |
| 2. | KSEB | 211/20 വാലിപ്പറമ്പ് സ്നേഹവീട് ഇലക്ട്രിഫിക്കേഷൻ | ബിൽനം. 80/31.01.20 | 95476/- |
| 3. | KSEB | 24/18 കുനിയം പറമ്പ് കുടിവെള്ള പദ്ധതി | ബിൽനം.- 2/30.4.19- 12012/-, ബിൽനം.- 20/.3.18 -148500/- , ബിൽനം. 100/.3.18 -5450 | 15395 (ഇലക്ട്രിക്കൽ കണക്ഷൻ ത്രി ഫേസ് ആക്കുന്നതിന്) |

ഓഡിറ്റ് നിർദ്ദേശം

. പദ്ധതി നിർവ്വഹണത്തിൽ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

. സെപ്പോസിറ്റ് തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി(20/14.8.2020)

## 1-42 കുടിവെള്ളപദ്ധതികൾ ഗുണഭോക്തൃസമിതിക്ക് വിട്ടുനൽകിയത് വിവരം ലഭ്യമായില്ല

ഓഡിറ്റ് വർഷം താഴെ പറയുന്ന കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

| ക്രമനം. | പ്രൊജക്റ്റ് | ചെലവ് | പൂർത്തീകരിച്ചത് |
|---|---|---|---|
| 1 | 99/19,തെക്കേക്കര കുടിവെള്ളപദ്ധതി<br>അടങ്കൽ- 400000(വികസനഫണ്ട് | 399898 | 11.7.2019 |

| | | | |
|---|---|---|---|
| | Scp) | | |
| 2 | 24/18,കുനിയംപറമ്പ് കുടിവെള്ളപദ്ധതി അടങ്കൽ- 170000(വികസനഫണ്ട് Scp) | 165962 | 26.7.18 |
| 3 | 191/2020, കണ്ണാടൻ ചോല കുടിവെള്ളപദ്ധതി അടങ്കൽ- 170000( ധലകാര്യ കമ്മീഷൻ ഗ്രാന്റ്) | 299977 | 9.7.19 (വൈദ്യുതി കണക്ഷൻ ഒഴികെയുള്ളവ) |

13-ാം പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് പൂർത്തീകരിച്ച കുടിവെള്ളപദ്ധതികളുടെ പരിപാലനവും അറ്റകുറ്റപണികളും ഗുണഭോക്തൃസമിതികൾക്ക് രേഖാമൂലം കൈമാറേണ്ടതാണ്. എന്നാൽ 2019-20ൽ പൂർത്തീകരിച്ച കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതിക്ക് വിട്ടു നൽകിയതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/14.7.2020) മറുപടി ലഭ്യമായില്ല.

നാളിതുവരെ പൂർത്തീകരിച്ച കുടിവെള്ളപദ്ധതികളുടെ പരിപാലനവും അറ്റകുറ്റപണികളും ഗുണഭോക്തൃസമിതികൾക്ക് രേഖാമൂലം കൈമാറി ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 06.07.2020 മുതൽ 07.07.2020 വരെ | നം.കെ.എസ്.എ-പി.കെ.ഡി17-945/2020 തീയതി-22.03.2021 |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2012-13 | 5401 | ലഭ്യമല്ല. | - | 5401 |
| | 2015-16 | 500000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണം | - | 500000 |
| | 2018-19 | 402897 | ലൈഫ് ഭവനപദ്ധതി (എസ്.സി) | 402897 | - |
| | 2018-19 | 77840 | വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വാങ്ങി നൽകൽ | 77840 | - |
| | 2018-19 | 43630 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 43630 | - |
| | ആകെ(മുൻ ബാക്കി) | 1029768 | | | |
| | 2019-20 | 1429252 | ലൈഫ് ഭവന പദ്ധതി-ജനറൽ | 1360000 | 69252 |
| | | 875000 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 875000 | - |
| | | 1000000 | ലൈഫ് ഭവനപദ്ധതി-എസ്.സി | - | 1000000 |
| | | 100000 | പാലിയേറ്റീവ് കെയർ | 0 | 100000 |
| | | 125000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 125000 | - |
| ആകെ | | 4459020 | | 2884367 | 1674653 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 80000 | ഋത വാട്ടർഷെഡ്- | - | 80000 |
| | 2018-19 | 5409 | ലൈഫ് ഭവനപദ്ധതി -ജനറൽ | - | 5409 |
| | 2018-19 | 8542 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 8542 | - |
| | ആകെ മുൻബാക്കി | 93951 | | | |
| | 2019-20 | 1506359 | ലൈഫ് ഭവനപദ്ധതി -ജനറൽ | 1060000 | 446359 |
| | | 212448 | നെൽകൃഷിക്ക് കൂലി ചെലവ് | 212448 | - |
| | | 112550 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 112550 | - |
| ആകെ | | 1925308 | | 1393540 | 531768 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| KSEB | ചെമ്പക്കര സ്ട്രീറ്റ് ലൈറ്റ് മീറ്റർ സ്ഥാപിക്കൽ (224/2020) | വൗച്ചർ നം.21900535/ 27.9.19 | 12614 | 0 | 12614 |
| KSEB | 212/2020 – പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റിലേക്കുള്ള ജലവിതരണ സംവിധാനം | ചെക്ക് നം.- 817849/ 29.02.2020 | 80736/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| KSEB | 211/20 വാലിപ്പറമ്പ് സ്നേഹവീട് ഇലക്ട്രിഫിക്കേഷൻ | ബിൽനം. 80/31.01.20 | 95476/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്-KURD-FC Loan | KURD-FC | 29630725 (21850725 + 7780000) | 21850725 | 1893078 | 0 | 27737647 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

തൻവർഷം സ്ഥിര നിക്ഷേപമിനത്തിൽ തുകയൊന്നും തന്നെയില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയായി തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-2 | 2007-08 | 3.52 | ബസ്റ്റാൻ്റ് കം ഷോപ്പിങ്ങ് കോമ്പ്ലക്സ് | ബൈലോ അംഗീകാരം ലഭിച്ചു. 18-19 പദ്ധതിയിൽ ബാക്കി പ്രവൃത്തികൾക്ക് വകയിരുത്തി. സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹. 95984470/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹. 89140832/- |
| വരവിനങ്ങളിലുള്ള നഷ്ടം | ₹.9000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 9000 | - | സെക്രട്ടറി, മുണ്ടൂർ ഗ്രാമപഞ്ചായത്ത് |
| ആകെ | 9000 | ഒന്നുമില്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുശീലാമ്മ.ടി.എസ്. സെക്രട്ടറി, മുണ്ടൂർ ഗ്രാമപഞ്ചായത്ത് | വിരമിച്ചു | കിഴക്കേതെക്കേകര, വലിയ കുളങ്ങര, ഓച്ചിറ പി.ഒ. കൊല്ലം. |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിട പാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | KSA-PKD-17/ 289,1317/11 DT.19.11.11 | 15 | 17,20,25,29,30(1), 31, 32, 36, 37, 40, 42(3), 43(1), |
| 1999-00 | KSA-PKD-17/ 289, 1317/11 DT.19.11.11 | 1 | 3 (2) |
| 2001-02 | KSA-PKD-17/ 13816 DT.03.04.17 | 2 | 2(2), 3(1) |
| 2002-03 | KSA-PKD-17/ 774/16 DT.03.04.17 | 1 | 3(2) |
| 2003-04 | KSA-PKD17/ 1173/08 Dt. 3.11.08 | 7 | 2-1, 2-3, 2-4, 2-6(1), 2-6(2), 3-1, 3-3 |
| 2004-05 | KSA-PKD-17/ 2087/14DT.23.05.15 | 6 | 3-1(1), 3-1(2), 3-2, 3-3, 3-4, 3-4(2) |
| 2005-06 | KSA-PKD-17/2087/ 14 DT.23.05.15 | 1 | 3-2 (1) |
| 2006-07 | KSA-PKD17/1499/ 2011 Dt. 19.11.11 | 7 | 2-1, 3-1, 3-2, 3-3, 3-4(1), 3-4(2), 3-5 |
| 2007-08 | KSA-PKD17/ 43/11 (4) Dt. 15.11.11 | 15 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11 |
| 2008-09 | KSA-PKD17/1182/12 Dt. 8.7.17 | 15 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, |

| | | | |
|---|---|---|---|
| | | | 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11 |
| 2009-10 | KSA-PKD17/2566/14 Dt. 4.5.15 | 10 | 2-1, 2-1 (1), 2-1 (2), 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8 |
| 2010-11 | KSA-PKD-17/1897/15 Dt.16.01.16 | 5 | 2-2, 3-1, 3-4, 3-5, 3-6 |
| 2011-12 | KSA-PKD17/1582/18 | 10 | 2-6, 3-1, 3-5a, 3-5b, 3-6, 3-8, 3-10, 3-12, 3-13, 3-14 |
| 2012-13 | KSA-PKD-17/2132/16 DT.14.03.17 | 10 | 2-2, 2-3, 3-1, 3-2, 3-3, 3-5, 3-8, 3-9, 3-10, 3-13 |
| 2013-14<br>2014-15 | KSA-PKD17/1834/17 Dt. 5.3.18 | 6 | 2-2, 2-6, 2-7, 3-1, 3-19, 3-20 |
| 2017-18 | KSA-PKD17/2495/18,Dt.10-01-18 | 4 | 2-1,3-2,3-3,3-5 |
| 2018-19 | KSA-PKD-17/575/20,Dt. 04.06.20 | 22 | 1-11 മുതൽ<br>3-1 വരെ |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## <u>അനുബന്ധം-1</u>
## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ മുണ്ടൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ മുണ്ടൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം- 1</u>

<u>വാർഷിക ധനകാര്യപത്രിക സാക്ഷ്യപത്രം</u>

കെ.എസ്.എ-പി.കെ.ഡി //2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തിയ്യതി: . .2020

ഫോൺ - 04912-520145

ഇ-മെയിൽ - dopkd.ksad@kerala.gov.in

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 31.03.2020-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു,

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് -ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ന്യൂനതകളുടെ സംഗ്രഹം

1) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരം ആവശ്യമായ അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നീ പത്രികകൾ വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2) ആസ്തികൾക്ക് തൻവർഷത്തേയ്ക്കുള്ള ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇത് കണക്കാക്കിയ രേഖകൾ ഹാജരാക്കാത്തതിനാൽ ചാർജ്ജ് ചെയ്ത തുകയുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

3) ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവിധ ഡെപ്പോസിറ്റുകൾ ഇനം തിരിച്ച് എഴുതി സൂക്ഷിച്ചിട്ടില്ല.

4)സ്റ്റോക്ക് രജിസ്റ്ററിൽ ആസ്തികളുടെ മൂല്യം രേഖപ്പെടുത്തി വാല്യൂ ബേസ്ഡ് ആയി സൂക്ഷിച്ചിട്ടില്ല.

5)വസ്തു നികുതി - സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡി. സി. ബി കണക്കുകൾ വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA.PKD.//2020

Kerala State Audit Department,
District Audit Office, Palakkad.

Dated : . .2020

Phone Number: 04912 520145

email: dopkd.ksad@kerala.gov.in

CERTIFICATE

Certified that I have examined the Annual Financial Statement of Mundur Grama Panchayat for the year ended on 31.03.2020 in Palakkad District in accordance with Section 4 of the Kerala local Fund Audit Act 1994, Section 215 of the Kerala panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and the Auditor General of India for the Certification of Accounts of Panchayathi Raj Institutions.

In my opinion the Financial Statement of Mundur Grama Panchayat for the year 2019-20 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

Deputy

Director

Abstracts of defects / Discrepancies

1) Basic Ratios and Notes on Important Accounting Policies under the Kerala Panchayat Raj Accounts Rules 2011, Rule 62 are not included in the annual accounts.

2) Although the depreciation for the assets has been recorded for the year, the accuracy of the charged amount has not been ascertained as the accurate details not produced.

3) Deposits are not recorded item based in the deposit register.

4) Value based stock Register not maintained.

5) The DCB of property tax in Sanchaya not in agreement with AFS.

Deputy Director

<u>അനുബന്ധം-2</u>

<u>വാർഷിക കണക്ക് പത്രികകൾ</u>

Anexure-2(1)

| | | | |
|---|---|---|---|
| Mundur Grama Panchayath | | | |
| RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 23193844.00 |
| Cash | Cash | RP-40(a) | 37916.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1439620.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 436094.00 |
| 150000000 | Sale & Hire Charges | RP-5 | 327406.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 53566431.00 |
| 171000000 | Interest Earned | RP-9 | 151167.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 24363889.00 |
| 350000000 | Other Liabilities | RP-36 | 410554.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 374331.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 36302.00 |
| 311000000 | Earmarked Funds | RP-29 | 7292.00 |
| 330000000 | Secured Loans | RP-32 | 7780000.00 |
| | [illegible] | [illegible] | |

| | | | |
|---|---|---|---|
| 340000000 | Deposits Received | RP-34 | 245600.00 |
| 350000000 | Other Liabilities | RP-36 | 436573.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 5727711.00 |
| 460000000 | Loans, Advances and Deposits | RP-47 | 681500.00 |
| | Grand total | | 119216230.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3859379.00 |
| 220000000 | Administrative Expenses | RP-12 | 1343923.00 |
| 230000000 | Operations & Maintenance | RP-13 | 1439636.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 4143636.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 36335858.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 3097385.00 |
| 253000000 | Decentralised Plan Programme-Projects not included in | RP-18 | 1691887.00 |
| | | | |
| Page No : 1 | | | |
| | | | |
| Sector Division | | | |
| | | | |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 1124420.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 1735362.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 552864.00 |
| 260000000 | Grants, | RP-22 | 67000.00 |

| | | | |
|---|---|---|---|
| | Contributions and Compensations from Own Fund | | |
| 280000000 | Prior Period item | RP-26 | -3000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 532909.00 |
| 350000000 | Other Liabilities | RP-36 | 5321749.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 649.00 |
| 280000000 | Prior Period Item | RP-26 | -1250.00 |
| 311000000 | Earmarked Funds | RP-29 | 4000.00 |
| 330000000 | Secured Loans | RP-32 | 1893078.00 |
| 340000000 | Deposits Received | RP-34 | 121996.00 |
| 350000000 | Other Liabilities | RP-36 | 1746248.00 |
| 410000000 | Fixed Assets | RP-38 | 15215048.00 |
| 440000000 | Pre-paid Expenses | RP-45 | 7780000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1138055.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 30075398.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 119216230.00 |
| | | | |
| Page No : 2 | | | |

(Sd)

Secretary
//True Copy//

Deputy Director

Anexure-2(2)

| | | | |
|---|---|---|---|
| Mundur Grama Panchayat | | | |
| INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2019 | | | |

| | | | |
|---|---|---|---|
| to 31-March-2020 | | | |

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 6685982.00 |
| 130000000 | Rental Income from Panchayat / Municipal Properties | 1-3 | 1260314.00 |
| 140000000 | Fee & User Charges | I-4(b) | 549344.00 |
| 150000000 | Sale & Hire Charges | I-5(b) | 329506.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / | 1-6 | 123012444.00 |
| | Subsidies | | |
| 171000000 | Interest Earned | 1-8 | 151167.00 |
| 180000000 | Other Income | 1-9 | 45589.00 |
| | Total Income | | 132034346.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10680295.00 |
| 220000000 | Administrative Expenses | I-11(b) | 1365384.00 |
| 230000000 | Operations & Maintenance | I-12(b) | 1439636.00 |
| 240000000 | Interest & Finance Charges | 1-13 | 649.00 |
| 250000000 | Decentralised Plan Programme-Productive Sector / | 1-14 | 4143636.00 |
| | Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 58149627.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3097385.00 |
| 253000000 | Decentralised Plan Programme-Projects not included in | I-14(c) | 1691887.00 |

| | | | |
|---|---|---|---|
| | Sector Division | | |
| 254000000 | Expenditures of Transfered Institutions and State Sponsored | I-14(d) | 28676820.00 |
| | Schemes (not included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 1735362.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 552864.00 |
| 260000000 | Grants, Contributions & Compensation from Own Fund / | 1-15 | 67000.00 |
| | Subsidies | | |
| 272000000 | Depreciation | I-17(a) | 6137363.00 |
| | Total Expenditure | | 117737908.00 |
| | Gross Surplus/ Deficit of income over Expenditure | | 14296438.00 |
| 280000000 | Prior Period Item | 1-18 | -5468.00 |
| | | Gross Surplus/Deficit of Income over Expenditure after prior period items. | 14301906.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

(Sd)

Secretary
//True Copy//

Deputy Director
Anexure-2(3)

| | | | |
|---|---|---|---|
| Mundur Grama Panchayat | | | |
| BALANCE SHEET | | | |
| For the period from 01-April- | | | |

| | | | |
|---|---|---|---|
| 2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 55487757.33 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or | B-2 | 108497.00 |
| | Agency Fund | | |
| 312000000 | Reserves | B-3 | 61759957.00 |
| | Total Reserve & Surplus | | 117356211.33 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4543576.00 |
| | Total Grants, Contributions for Specific Purposes | | 4543576.00 |
| Loans | | | |
| 330000000 | Secured Loans | B-5 | 27737647.00 |
| | Total Loans | | 27737647.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 315299.00 |
| 350000000 | Other Liabilities | B-9 | 1170429.09 |
| | Total Current Liabilities and Provisions | | 1485728.09 |
| | TOTAL LIABILITIES | | 151123162.42 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 108559691.00 |
| 411000000 | Accumulated Depreciation | B-11 | -16868797.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 91690894.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | B-15 | 675088.42 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 27737647.00 |
| 450000000 | Cash and Bank Balance | B-17 | 30075398.00 |
| 460000000 | Loans, Advances and Deposits | B-18 | 944135.00 |
| Page No : 1 | | | |
| Total Current Assets, Loans and Advances | 0.0 | | |
| Total Current Assets, Loans and Advances | 59432268.42 | | |
| Other Assets | | | |
| Miscellaneous Expenditure (To the Extent not written off) | | | |
| TOTAL ASSETS | 151123162.42 | | |

(Sd)
Secretary
//True Copy//

Deputy Director